# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിറവം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ ഇ കെ എം ( എം 2)1075/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പിറവം മുനിസിപ്പാലിറ്റി

സർ,

വിഷയം : പിറവം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ , കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
2.സെക്രട്ടറി, എൽഎസ്ജിഡി
3.റീജിയണൽ ജോയിന്റ് ഡയറക്ടർ , നഗരകാര്യവകുപ്പ്

നമ്പർ: കെ എസ് എ ഇ കെ എം ( എം 2)1075/22 തീയ്യതി: 20/07/2022

## എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 07-06-2022 | 17-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-06-2022 | 17-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ വിജയകുമാർ.എൻ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ റഷീദ്.സി.എം.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ജോസഫ് ജോർജ്.സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ വിജു.എം.എസ്.സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ് ആർ.സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ്.ടി.എസ്.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു കെ ജേക്കബ് | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീ സുഭാഷ് പി കെ | സെക്രട്ടറി | 01-04-2019 | 16-05-2019 |
| ശ്രീ ബി അനിൽകുമാർ | സെക്രട്ടറി | 17-05-2019 | 27-09-2019 |
| ശ്രീ എം മുഹമ്മദ് ആരിഫ്ഖാൻ | സെക്രട്ടറി | 28-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബാബു ജോസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. എ വി കുമാരിലൈല | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ മൻസൂർ എഎസ് | അസി. എഞ്ചിനീയർ | 01-04-2019 | 07-09-2019 |
| ശ്രീ മാക്സ് വെൽ | അസി. എഞ്ചിനീയർ | 08-09-2019 | 30-09-2019 |
| ശ്രീമതി ശ്രീപ്രിയ ആർഎസ് | അസി. എഞ്ചിനീയർ | 01-10-2019 | 17-02-2020 |
| ശ്രീ മുഹ്സിൻ പി എം | അസി. എഞ്ചിനീയർ | 18-02-2020 | 31-03-2020 |
| ഡോ. സുനിൽ ജെ ഇളന്താട് | സൂപ്രണ്ട് താലൂക്ക് ആശുപത്രി പിറവം | 01-04-2019 | 31-03-2020 |
| ശ്രീമതി ജയലക്ഷ്മി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ അശ്വിൻ പി റ്റി | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ സഹദേവൻ ഇ കെ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി മായാ ശേഖർ | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കൻഡറി സ്കൂൾ, നാമക്കുഴി | 01-04-2019 | 31-03-2020 |
| ശ്രീമതി അഞ്ജു കൃഷ്ണ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. നിത എ ആർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. ജോഷി ജോൺ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 01-04-2019 | 31-03-2020 |
| ഡോ. ഗോപകുമാർ എ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ക്ലയർ സിറിൽ | വെറ്ററിനറി സർജൻ മുളക്കുളം മൃഗാശുപത്രി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.M.Rasheed (Asst. Audit Officer, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Aneesh T S (Auditor, On 09-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 15-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 15-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-5 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Aneesh T S (Auditor, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Aneesh R (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh T S (Auditor, On 09-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: N.Vijayakumar (Audit Officer (HG), On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-10 |
| 12 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 18-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-11 |
| 13 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-12 |
| 14 | ബിൽഡിംഗ് പെർമിറ്റ്- അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 15-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-13 |
| 15 | വിനോദ നികുതി<br>Written By: Aneesh T S (Auditor, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-14 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക<br>Written By: Aneesh T S (Auditor, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-15 |
| 17 | സബ്-അർബൻ മാളിന്റെ വസ്തുനികുതി കുടിശ്ശിക<br>Written By: Aneesh T S (Auditor, On 17-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 18-07-2022) | 1-16 |

| | | |
|---|---|---|
| 18 | സോളാർ ലൈറ്റ് സ്ഥാപിക്കൽ - 25040/- രൂപ അധികം ചെലവഴിച്ചു.<br>Written By: N.Vijayakumar (Audit Officer (HG), On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-17 |
| 19 | ചേറാലിപ്പടി പുളിക്കപ്പടി റോഡ് ടാറിംഗ് , കോൺക്രീറ്റിംഗ് - കരാറുകാരന് അധിക തുക നൽകി.<br>Written By: N.Vijayakumar (Audit Officer (HG), On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-18 |
| 20 | തനത് ഫണ്ടിൽ നിന്നും ക്രമ വിരുദ്ധമായി സാമ്പത്തികാനുകൂല്യം നൽകി<br>Written By: Viju M S (Senior Grade Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-19 |
| 21 | കഴുന്നാട്ട് മലപ്പടി കൊമ്പനാമല റോഡ് റീടാറിംഗ് - അധിക തുക ചെലവഴിച്ചു.<br>Written By: N.Vijayakumar (Audit Officer (HG), On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-20 |
| 22 | പ്രായോഗിക വശങ്ങൾ പരിഗണിക്കാതെ ഷെൽട്ടർ ഹോം നിർമ്മിച്ചു.<br>Written By: C.M.Rasheed (Asst. Audit Officer, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-21 |
| 23 | സേവന ഫീസ് - നഗരസഭ തീരുമാനം എടുത്തിട്ടില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-22 |
| 24 | ഓഫീസ് ഫർണിഷിംഗ് – പ്രൊജക്ട് നിർവ്വഹണത്തിലും ജി എസ് റ്റി നൽകിയതിലും അപാകതകൾ സംഭവിച്ചു.<br>Written By: C.M.Rasheed (Asst. Audit Officer, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-23 |
| 25 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി നഗരസഭ ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-24 |
| 26 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-25 |
| 27 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-26 |
| 28 | വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-27 |
| 29 | വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച തുക സർക്കാരിലേക്ക് അടച്ചിട്ടില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-28 |
| 30 | ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും സർക്കാരിൽ ഒടുക്കുന്നില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-29 |
| 31 | വെള്ളക്കര കുടിശ്ശിക-നഗരസഭയ്ക്ക് വൻ ബാദ്ധ്യതയാകുന്നു.<br>Written By: Viju M S (Senior Grade Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-30 |
| 32 | വെള്ളക്കരം കുടിശ്ശിക - പിഴത്തുക നഗരസഭാ ഫണ്ടിൽ നിന്നും നൽകി<br>Written By: Viju M S (Senior Grade Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-31 |
| 33 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള | 1-32 |

| | | |
|---|---|---|
| | പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | |
| 34 | ബിറ്റുമിൻ ബാരൽ വില – നിയമാനുസൃത ജി.എസ്.ടി ബില്ലിൽ കുറവു ചെയ്തില്ല<br>Written By: N.Vijayakumar (Audit Officer (HG), On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-33 |
| 35 | അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Viju M S (Senior Grade Auditor, On 15-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-34 |
| 36 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- വികസന ഫണ്ടിൽ നിന്നും ക്രമപ്രകാരമല്ലാതെ ആനുകൂല്യം നൽകി.<br>Written By: Joseph George (Senior Grade Auditor, On 15-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-35 |
| 37 | കാലാഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ - നടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-36 |
| 38 | മുൻകൂറുകൾ ക്രമീകരിക്കുന്നില്ല<br>Written By: C.M.Rasheed (Asst. Audit Officer, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-37 |
| 39 | ഉപയോഗപ്രദമല്ലാത്ത ബാങ്ക് ലോക്കർ നിലനിർത്തിയിരിക്കുന്നത് സംബന്ധിച്ച്<br>Written By: Viju M S (Senior Grade Auditor, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-38 |
| 40 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം - അപാകതകൾ<br>Written By: Aneesh R (Auditor, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-39 |
| 41 | ദുരന്ത നിവാരണ സെമിനാർ-ചെലവഴിച്ച തുക കിലയിൽ നിന്ന് ഈടാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 15-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-40 |
| 42 | തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-41 |
| 43 | വാഹനങ്ങളുടെ ഉപയോഗം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല<br>Written By: Viju M S (Senior Grade Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-42 |
| 44 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ- ഉപകരണങ്ങളുടെ സ്റ്റോക്ക് ,വിതരണ വിവരങ്ങളില്ല.<br>Written By: Joseph George (Senior Grade Auditor, On 15-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-43 |
| 45 | പട്ടികജാതി വീടുകൾക്ക് കുടിവെള്ള കണക്ഷൻ- ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Joseph George (Senior Grade Auditor, On 15-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-44 |
| 46 | ക്യാൻസർ നിർണ്ണയക്യാമ്പ്-ചെലവുരേഖകൾ ഹാജരാക്കിയില്ല.<br>Written By: Joseph George (Senior Grade Auditor, On 15-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-45 |
| 47 | കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Viju M S (Senior Grade Auditor, On 15-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 18-07-2022) | 1-46 |

| | | |
|---|---|---|
| 48 | ശുചിത്വമിഷൻ ഫണ്ട് -ചെലവ് രേഖകൾ ഹാജരാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു.<br>Written By: Viju M S (Senior Grade Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-47 |
| 49 | ഇ ടെണ്ടർ ഫീസ് - അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-48 |
| 50 | മുൻകൂർ അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല .<br>Written By: Viju M S (Senior Grade Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-49 |
| 51 | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 16-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 18-07-2022) | 1-50 |
| 52 | ഫോഗിംഗ് മെഷീൻ വാങ്ങൽ - അപാകതകൾ<br>Written By: Aneesh R (Auditor, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-51 |
| 53 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-52 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സോളാർ ലൈറ്റ് സ്ഥാപിക്കൽ - 25040/- രൂപയുടെ അധിക ചെലവ്- ഇതര അപാകതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 3-1 |
| 2 | ചേറാലിപ്പടി പുളിക്കപ്പടി റോഡ് ടാറിംഗ് , കോൺക്രീറ്റിംഗ് - കരാറുകാരന് അധിക തുക നൽകി.<br>Written By: N.Vijayakumar (Audit Officer (HG), On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 3-2 |
| 3 | ക്രമവിരുദ്ധമായി തുക ചെലവഴിച്ചു.<br>Written By: Viju M S (Senior Grade Auditor, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 3-3 |
| 4 | കഴുന്നാട്ട് മലപ്പടി കൊമ്പനാമല റോഡ് റീടാറിംഗ് - അധിക തുക ചെലവഴിച്ചു.<br>Written By: N.Vijayakumar (Audit Officer (HG), On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Aneesh T S (Auditor, On 16-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 16-06-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: Asad N.E (Computer Assistant, On 18-07-2022) | |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 17-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aneesh T S (Auditor, On 16-06-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 27.02.2019 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 10981919 | 44809611 |
| വരവ് | 236892800 | 108337130 |
| ആകെ | 247874719 | 153146741 |
| ചെലവ് | 246568079 | 116442290 |
| നീക്കിയിരുപ്പ് | 1306640 | 36704451 |

ബജറ്റ് യാഥാർത്ഥബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.19 | 30.6.19 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.നഗരസഭയുടെ നികുതി,നികുതിയേതര വരുമാന സ്രോതസ്സുകളുടെ ഡിമാന്റ് തയ്യാറാക്കിയിരിക്കുന്നതും യഥാർത്ഥത്തിൽ ഈയിനങ്ങളിൽ ലഭിക്കേണ്ടതുമായ തുകകളുമായി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല. ഒരു വരവിനത്തിലും കൃത്യമായ ഡിമാന്റ് തയ്യാറാക്കിയല്ല വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.വസ്തുനികുതി,തൊഴിൽനികുതി,വാടക, ലേലം, ബിൽഡിംഗ് പെർമിറ്റ്,ലൈസൻസ് ഫീസ് എന്നിവയുൾപ്പടെയുള്ള വരവുകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡി.സി.ബി രജിസ്റ്ററിലെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ലഭിക്കാനുള്ള ആകെ തുകകളും രജിസ്റ്ററിലെ വരവുമായി പൊരുത്തപ്പെടുന്നില്ല. ഓരോ വരവിനങ്ങളിലും ലഭിക്കുന്ന തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കൃത്യമായി പോസ്റ്റ് ചെയ്യപ്പെടുന്നില്ല.

2.ഇൻകം & എക്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax, Other Income ഉൾപ്പടെയുള്ള Prior Period Income എന്ന ഇനത്തിലുള്ള 30718/-രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകയും രജിസ്റ്റർ പ്രകാരമുള്ള ഡെപ്പോസിറ്റ് വരവുകളും പൊരുത്തപ്പെടുന്നില്ല. തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ള പല രസീതികളും രജിസ്റ്ററിൽ ചേർക്കുന്നില്ല. അതുപോലെ തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല. മുൻബാക്കി ഉൾപ്പടെയുള്ള ഡെപ്പോസിറ്റ് വിവരങ്ങൾ തൻ വർഷകണക്കിൽ ചേർത്തിട്ടില്ല.

4.അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിവിധ പദ്ധതികളുമായ ബന്ധപ്പെട്ട ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകളോ തിരികെ ലഭിക്കുന്ന തുകകളോ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് ജോലിയുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് സംബന്ധമായ (ലൈൻ നീട്ടൽ) ജോലികൾക്ക് ഫയലുകൾ പ്രകാരം തുക 2019-20 ൽ

നൽകിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകളിൽ ഇവ ഡെപ്പോസിറ്റായി ഉൾപ്പെടുത്തിയിട്ടില്ല. വിവിധ സാമ്പത്തിക വർഷങ്ങളിലായി മുൻകൂർ നൽകിയ തുകകൾ പലതും ഫയൽ ലഭ്യമാക്കി ക്രമീകരിക്കാത്തതിനാൽ അഡ്വാൻസായി തന്നെ അവശേഷിക്കുകയാണ്.

6. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ, ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവയ്ക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions). അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

7.B-15 Rent Receivable (Current) Rs.885916 , Rent Receivable (Arrears) Rs.270584 , Profession Tax Receivable (Current) Rs.609079 എന്നീയിനങ്ങളിലുൾപ്പടെ തുകകൾ ലഭിക്കാനുള്ളതായി വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഈ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

8. കേരള ബാങ്കിലുള്ള ലോക്കർ ഡെപ്പോസിറ്റ് 3000 രൂപ നിക്ഷേപ കാലാവധി കഴിഞ്ഞിട്ടും പുതുക്കുകയോ തിരികെ ഫണ്ടിലൊടുക്കുകയോ ചെയ്തിട്ടില്ല. KURDFC വായ്പയോടനുബന്ധിച്ചുള്ള 21000/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് സംബന്ധിച്ച തുടർ നടപടികൾ വായ്പ പൂർണ്ണമായി അവസാനിച്ച ശേഷവും സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് അടുത്ത വാർഷിക കണക്ക് തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44809611 |
| വരവ് | 108337130 |
| ആകെ | 153146741 |
| ചെലവ് | 116442290 |
| നീക്കിയിരിപ്പ് | 36704451 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 171335 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1461870 |

## 1-4 ഫണ്ട് വിനിയോഗം

| നം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13554989 | 13554989 | 10633127 | 0 | 2921862 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8744000 | 8744000 | 2275316 | 0 | 6468684 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 275000 | 275000 | 126000 | 0 | 149000 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 13890000 | 13890000 | 5226124 | 0 | 8663876 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 4017000 | 4017000 | 2970835 | 0 | 1046165 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8623000 | 8623000 | 4260325 | 0 | 4362675 |

| | | | | | | |
|---|---|---|---|---|---|---|
| പ്രത്യേക ആവശ്യ ഗ്രാന്റ് | 3480697 | 2136117 | 5616814 | 299895 | 5316919 | |
| സാമൂഹിക സുരക്ഷാ വകുപ്പിൽ നിന്നും ഗ്രാന്റ് | 1241599 | 1306902 | 2548501 | 397422 | 2151039 | |

തൻവർഷം വികസനഫണ്ട് ജനറൽ വാർഷിക കണക്ക് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയും എ.സി.ആറും തമ്മിൽ 2835011/- രൂപ വ്യത്യാസമുണ്ട്. ഈ തുക സർക്കാർ വിവിധ പദ്ധതികൾക്കായി സ്രോതസ്സിൽ കുറവ് ചെയ്തതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പദ്ധതി പൂർത്തീകരിച്ചത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 243 | 113771389 | 90 | 25820671 | 58 | 32 | 153 | 23.87 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | - | - | - | 604876.33 | - |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 2437829.24 | 5095505 | 7533334.24 | 6710878 | - |
| ആകെ | 2437829.24 | 5095505 | 7533334.24 | 7315754.33 | 217579.91 |

## 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 46320 | 52 |
| കർഷകത്തൊഴിലാളി പെൻഷൻ | 848400 | 293 |
| വിധവാ പെൻഷൻ | 6109800 | 2071 |
| വാർദ്ധക്യകാല പെൻഷൻ | 1566900 | 5222 |
| വികലാംഗ പെൻഷൻ | 1467800 | 493 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 439800 | 150 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 390000 | 13 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08/06/2022 ന് മുനിസിപ്പാലിറ്റി ജനറൽ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 116020/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

3.പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നത് നഗരസഭയ്ക്ക് വൻസാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

5.ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6. മുൻകൂർ നൽകിയ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.11.2015 ന് ശേഷം ഓഡിറ്റ് നടന്നിട്ടില്ല. അതിന്റെ വിവരങ്ങളും ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.4.2018 | 2018-2019 | 26.4.2018 |

## 1-11 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

പിറവം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2019-20 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 24/2019-20 തിയതി 13/06/2022 നുള്ള മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാതിരുന്ന അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്സ് ലി. | 1, 2 |
| 2 | സപ്ലൈക്കോ ഹൈപ്പർ മാർക്കറ്റ് | 1, 2 |
| 3 | പിറവം റൂറൽ കോ. ബാങ്ക് നം. E-1092 | 1, 2 |
| 4 | ബി എസ് എൻ എൽ | 1, 2 |
| 5 | പിറവം അഗ്രി. ഇംപ്രൂവ്മെന്റ് സഹ.സംഘം നം.E-1211 | 1, 2 |
| 6 | ചേനാട്ടു ഫിനാൻസ് & ഇൻവെസ്റ്റ്മെന്റ്സ് | 1, 2 |

## 1-12 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി

നഗരസഭയിലെ 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ്, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് രേഖപ്പെടുത്തിക്കാണുന്നില്ല. ഇതുമൂലം സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽ നികുതി പരിധിയിൽ നിന്ന് ഒഴിവായിട്ടുണ്ട് എന്നും വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 52/2019-20 തിയതി 16/05/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | കെട്ടിട നം. |
|---|---|
| ഗ്രീൻ ഗ്രോസറി | 7/570 എ |

| | |
|---|---|
| രാജ് മെറ്റസ് | 8/344 |
| നിരപ്പകാട്ടിൽ സോ മിൽ | 9/255 |
| സെന്റ് ജോർജ് ബ്രിക്ക്സ് | 10/459 എ |
| മേടമന റബ്ബർ ഇൻഡസ്ട്രീസ് | 12/334 |
| സന്തീപ് റബ്ബർ ഇൻഡസ്ട്രീസ് | 12/373 |
| ദീപക് റബ്ബർ ഇൻഡസ്ട്രീസ് | 12/374 |
| സെന്റ് ജോർജ് ഹാച്ചറി | 11/663ബി |
| കണ്ടത്തിൽ ഫാഷൻ ജ്വല്ലറി | 7/609സി |
| റിലയൻസ് റീട്ടേൽ ലിമിറ്റഡ് | 8/312 |

## 1-13 ബിൽഡിംഗ് പെർമിറ്റ്- അപാകതകൾ

നഗരസഭയിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയ , പെർമിറ്റ് കാലാവധി അവസാനിച്ച പല കെട്ടിടങ്ങളും പെർമിറ്റ് യഥാസമയം പുതുക്കുകയോ അവയുടെ നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. വിവിധയിനം ഉപയോഗക്രമങ്ങളിലായി ഇത്തരം ധാരാളം അപേക്ഷകൾ തുടർ നടപടികൾ രേഖപ്പെടുത്താതെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റിന് ലഭിച്ച അപേക്ഷകളിൽ പെർമിറ്റ് നൽകിയത് വരെയുള്ള കാര്യങ്ങൾ മാത്രമാണ് രജിസ്റ്ററുകളിൽ നിന്നും ലഭ്യമാകുന്നത്. പെർമിറ്റ് നേടിയ വ്യക്തികളും സ്ഥാപനങ്ങളും നിർമ്മാണം പൂർത്തീകരിച്ചതായോ പെർമിറ്റ് യഥാസമയം പുതുക്കിയതായോ ഉള്ള വിവരങ്ങളൊന്നും ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽത്തന്നെ പെർമിറ്റ് നേടിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ വിശദാംശങ്ങളൊന്നും ലഭ്യമല്ല. കെട്ടിടനിർമ്മാണ പെർമിറ്റിലെ മാറ്റങ്ങൾക്ക് ക്രമവത്ക്കരിച്ച് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങളും രജിസ്റ്ററിൽ പ്രത്യേകമായി രേഖപ്പെടുത്തുന്നില്ല.

വെള്ളം, വൈദ്യുതി കണക്ഷനുകൾ പ്രത്യേകമായി എടുക്കേണ്ട ആവശ്യമില്ലാത്ത കെട്ടിടങ്ങളും, നിലവിലുള്ള കെട്ടിടത്തിന്റെ എക്സ്റ്റെൻഷൻ മുതലായ എടുക്കുന്ന സന്ദർഭവങ്ങളിലും, കെട്ടിട നിർമ്മാണം പൂർത്തിയായാലും കെട്ടിട നമ്പറിട്ട് ഒക്യുപെൻസി സർട്ടിഫിക്കറ്റ് എടുക്കാനോ, നികുതി പുതുക്കുന്നതിനോ കെട്ടിട ഉടമ താല്പര്യം കാണിക്കണമെന്നില്ല. അതിനാൽ, പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കാതെയോ, ഒക്യുപെൻസിക്ക് അപേക്ഷിക്കാതെയോ ഉള്ള അപേക്ഷകളിൽ, പ്രസ്തുത കെട്ടിടങ്ങൾ പണി പൂർത്തിയാക്കി അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി, അനധികൃതമായി പ്രവർത്തിക്കുന്നവ കണ്ടെത്തി തുടർ നടപടി സ്വീകരിക്കേണ്ടത് നഗരസഭയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ കൃത്യമായ നടത്തിപ്പിനും നഗരസഭയുടെ വരുമാന ചോർച്ച തടയുന്നതിനും അത്യന്താപേക്ഷിതമാണ്.

അതുപോലെ പല നിലകളിലായി നിർമ്മാണം നടത്തുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ, ഹോസ്റ്റൽ കെട്ടിടങ്ങൾ , ആശുപത്രി കെട്ടിടങ്ങൾ എന്നിവ മുഴുവൻ നിർമ്മാണത്തിനും പെർമിറ്റ് വാങ്ങുകയും ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം പൂർത്തീകരിച്ച ശേഷം പാർഷ്യൽ ഒക്യുപ്പൻസിക്ക് അപേക്ഷിക്കുകയും നിർമ്മാണം പൂർത്തീകരിച്ച ഭാഗത്തിന് കെട്ടിടനമ്പർ നേടുകയും തുടർന്നുള്ള നിർമ്മാണത്തിന്റെ യാതൊരു വിവരങ്ങളും പിന്നീട് ലഭ്യമല്ലാതെയുള്ള സാഹചര്യങ്ങളുമുണ്ട്. കെട്ടിട നമ്പർ ലഭിച്ച കെട്ടിടത്തിൽ വെള്ളം, വൈദ്യുതി കണക്ഷനുകൾ എടുക്കാനും പിന്നീട് നിർമ്മിക്കുന്ന കെട്ടിട ഭാഗങ്ങളിലേക്ക് ഈ കണക്ഷനിൽ നിന്നും വെള്ളം, വൈദ്യുതി എന്നിവ എത്തിക്കാനും നിലവിൽ സാധിക്കുന്ന സാഹചര്യത്തിൽ ബാക്കി നിലകളുടെയോ കെട്ടിട ഭാഗങ്ങളുടേയോ നിർമ്മാണം പിന്നീട് പൂർത്തിയായാലും അവക്ക് കെട്ടിട നമ്പറിട്ട് ഒക്യുപെൻസി സർട്ടിഫിക്കറ്റ് എടുക്കണമെന്നോ, നികുതി ചുമത്തണമെന്നോ നിർബന്ധമില്ലാത്ത സ്ഥിതിയുണ്ട്. പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കാതെയോ, ഒക്യുപ്പൻസി നേടാതെയോ ഉള്ള കെട്ടിടങ്ങളുടെ ഫീൽഡ് തല പരിശോധന കൊണ്ട് മാത്രമാണ് ഇവയുടെ നിലവിലെ സ്ഥിതിയും നിയമ ലംഘനങ്ങളും കണ്ടെത്താൻ സാധിക്കുകയുള്ളൂ.

നഗരസഭയിലെ പെർമിറ്റ് ഫയലുകൾ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിലവിൽ ഇത്തരം കെട്ടിടങ്ങളുടെ വിവരങ്ങൾ തയ്യാറാക്കുകയോ ഈ വിഷയത്തിൽ തുടർ പരിശോധനകൾ നടത്തുകയോ ചെയ്തുവരുന്നില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം- 49 തിയതി 16/06/2022) നൽകിയതിന് നൽകിയ മറുപടിയിൽ ഈ വിവരങ്ങൾ പരിശോധിച്ച്

ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.ബിൽഡിംഗ് പെർമിറ്റ് സംബന്ധമായ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും നഗരസഭയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ കൃത്യമായ നടത്തിപ്പിനായി അനധികൃത കെട്ടിടനിർമ്മാണങ്ങൾ കണ്ടെത്തി തുടർനടപടി സ്വീകരിക്കുന്നതിനും പെർമിറ്റ് ഫീസിനത്തിലെ നഗരസഭയുടെ വരുമാന ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വിനോദ നികുതി

31.08.2019 ലെ സ.ഉ(കൈ)നം.112/2019/തസ്വഭവ പ്രകാരം സിനിമ തിയേറ്ററുകളിൽ വിനോദനികുതി ഈടാക്കേണ്ടത് 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനം നിരക്കിലും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനം നിരക്കിലും ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 5 തിയതിക്ക് മുൻപായി പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. എന്നാൽ ദർശന സിനിമാസ് (സ്ക്രീൻ നം.1, സ്ക്രീൻ നം.2, സ്ക്രീൻ നം.3) സമർപ്പിച്ചിട്ടുള്ള വിനോദ നികുതി സ്റ്റേറ്റ്മെന്റിൽ 100 രൂപയിൽ താഴെയുള്ള നിരക്കിലും 100 രൂപയ്ക്ക് മുകളിലുള്ള നിരക്കിലുംമുള്ള ടിക്കറ്റ് തുകകൾ തിരിച്ച് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ എപ്രകാരമാണ് നികുതി കണക്കാക്കിയതെന്ന് വ്യക്തമല്ല. ദർശന സിനിമാസ് സമർപ്പിച്ചിട്ടുള്ള വിനോദ നികുതി സ്റ്റേറ്റ്മെന്റിലെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താതെ വിനോദ നികുതി ഈടാക്കിയതിന് വിശദീകരണം നൽകണമെന്നും, വിനോദ നികുതി രജിസ്റ്റർ ഹാജരാക്കണമെന്നും,ദർശന സിനിമാസ് സമർപ്പിച്ചിട്ടുള്ള വിനോദ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരം 11/2019 മുതൽ 03/2020 വരയുള്ള കലയളവിൽ 347901/- രൂപയുടെ വിനോദ നികുതിയിൽ ആകെ 157720/- രൂപ മാത്രമാണ് അടവാക്കിയതായി കാണുന്നതെന്നും 190181/- രൂപയുടെ വിനോദ നികുതി കുടിശ്ശിക അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി 23/2019-20 തിയതി 13/06/2022 നുള്ള സെക്രട്ടറിയുടെ മറുപടിയിൽ വിനോദ നികുതി കുറവ് വന്നിട്ടുണ്ടങ്കിൽ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വിനോദ നികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനോദ നികുതി കുടിശ്ശിക അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

നഗരസഭയിലെ 2019-20 വർഷത്തെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശിക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള മൊബൈൽ ടെലി കമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും 2013 ആദ്യ പകുതി മുതലുള്ള വസ്തു നികുതി കുടിശ്ശിക നിൽക്കുന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥാപനം | കുടിശ്ശിക തുക |
|---|---|---|---|
| 1 | 03/141 | റിലൈൻസ് കമ്മ്യൂണിക്കേഷൻസ് | 180264 |
| 2 | 23/35എ | റിലൈൻസ് ജിയോ | 27193 |
| 3 | 07/188എ | ബി എസ് എൻ എൽ | 178070 |
| ആകെ | | | 385527 |

മേൽ സൂചിപ്പിച്ച മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം 26/2019-20 തിയതി 13/06/2022) ക്കുള്ള സെക്രട്ടറിയുടെ മറുപടിയിൽ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-16 സബ്-അർബൻ മാളിന്റെ വസ്തുനികുതി കുടിശ്ശിക

പിറവം നഗരസഭ സിവിൽ സപ്ലൈസ് കോർപ്പറേഷന് ലീസിന് നൽകിയ സ്ഥലത്ത് സബ്-അർബൻ മാൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സർക്കാർ ജി.ഒ നം.2951/2013/LSGD തീയതി.02.12.2013 നമ്പരായി ഉത്തരവായതു പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിർമ്മിച്ച ബഹു നില കെട്ടിടത്തിലെ ഗ്രൗണ്ട് ഫ്ളോറും അഞ്ചാം നിലയും പിറവം നഗരസഭക്കും, 1ാം നില മുതൽ 4ാം നില വരെ സപ്ലൈക്കോയ്ക്കുമാണ്. യു എ നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിന്റെ വസ്തു നികുതിയിനത്തിൽ കുടിശ്ശിക 1118402/-രൂപയാണ് .ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള സെക്രട്ടറിയുടെ മറുപടിയിൽ

വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക വസ്തുനികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-17 സോളാർ ലൈറ്റ് സ്ഥാപിക്കൽ - 25040/- രൂപ അധികം ചെലവഴിച്ചു.

നഗരസഭ നടപ്പാക്കിയ സോളാർ ലൈറ്റ് സ്ഥാപിക്കൽ പ്രൊജക്ടിന്റെ (S0186/19-20) കരാറുകാരനെ തിരഞ്ഞെടുത്തതിലും തുക നൽകിയതിലും പ്രൊജക്ട് മോണിറ്ററിംഗിലും അപാകതകൾ സംഭവിച്ചു. കരാറുകാരൻ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ അധികരിച്ച തുക ബിൽ നൽകിയപ്പോൾ അനുവദിച്ചതിനാൽ 25040/- രൂപ യുടെ നഷ്ടം സംഭവിച്ചു. വിശദ വിവരങ്ങൾ ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-18 ചേറാലിപ്പടി പുളിക്കപ്പടി റോഡ് ടാറിംഗ് , കോൺക്രീറ്റിംഗ് - കരാറുകാരന് അധിക തുക നൽകി.

ചേറാലിപ്പടി പുളിക്കപ്പടി റോഡ് ടാറിംഗ് , കോൺക്രീറ്റിംഗ് (130/20) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ എർത്ത് വർക്ക് എസ്കവേഷൻ എന്ന ഇനത്തിന് നിരക്ക് നിശ്ചയിച്ച് നൽകിയതിലെ അപാകത മൂലവും, അളവ് രേഖപ്പെടുത്തിയതിലെ അപാകത മൂലവും 21173/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-2 ൽ ചേർത്തിട്ടുണ്ട്.

### 1-19 തനത് ഫണ്ടിൽ നിന്നും ക്രമ വിരുദ്ധമായി സാമ്പത്തികാനുകൂല്യം നൽകി

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 283(6) പ്രകാരം " ഈ ആക്ടിലും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലും മറ്റ് നിയമങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള മുനിസിപ്പാലിറ്റിയുടെ ചുമതലകളുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു ആവശ്യത്തിനായി ഏതെങ്കിലും ചെലവോ ധനസഹായമോ ഗ്രാന്റോ സർക്കാർ നിശ്ചയിച്ചിട്ടുള്ള വാർഷിക പരിധിയിൽ കൂടുതലായി മുനിസിപ്പാലിറ്റി ചെയ്യുവാൻ പാടില്ലാത്തതാണ് " എന്ന് നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.08.2000 ലെ സർക്കാർ ഉത്തരവ് (പി)നം 247/2000 പ്രകാരം സർക്കാരിൽ നിന്നുള്ള നികുതി വിഹിതമുൾപ്പെടെ മുൻവർഷത്തെ അതിന്റെ തനത് വരുമാനത്തിന്റെ 1% അല്ലെങ്കിൽ 72000/- രൂപ (എതാണോ അധികമെങ്കിൽ അത്)ചെലവഴിക്കാമെന്ന് നിർദ്ദേശിക്കുന്നുണ്ട്. മുനിസിപ്പാലിറ്റിയുടെ അസാധാരണ ചെലവുകളിൽ അവാർഡ് വിതരണം, പ്രൈസ് മണി വിതരണം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. എന്നാൽ നഗരസഭയുടെ പരിധിയിൽ 2019 വർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ 124 കുട്ടികൾക്ക് 1001/-രൂപ നിരക്കിൽ മെരിറ്റോറിയസ് അവാർഡ് എന്ന നിലയ്ക്ക് 124124/-രൂപ നഗരസഭയിൽ നിന്ന് 29.08.2019 ൽ 586401 ാം നമ്പർ ചെക്ക് മുതൽ 586524ാം നമ്പർ ചെക്ക് വരെ നല്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള അവാർഡ് വിതരണമോ, പ്രൈസ് മണിയോ നഗരസഭയ്ക്ക് സംഭാവനയായി സ്വീകരിച്ചോ സ്പോൺസർഷിപ്പിലൂടേയോ സംഘടിപ്പിച്ച് നല്കാവുന്നതാണ്. എന്നാൽ തനത് ഫണ്ടിൽ നിന്ന് നേരിട്ട് ഉപയോഗിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള ചെലവിന് സർക്കാർ സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 15.06.2022 ൽ നല്കിയ 44ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നഗരസഭ ചെയർപേഴ്സണന്റെ 17.01.2017 ലെ കത്ത് പ്രകാരം പിറവം നഗരസഭ 2017-18 വാർഷിക പദ്ധതിയിൽ പെടുത്തി നടപ്പിലാക്കിയിരുന്ന പ്രോജക്ടുകളായ സമ്മർ കോച്ചിംങ് ക്യാമ്പ്, സ്വാതന്ത്ര്യദിനാഘോഷവും, എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്ക് അവാർഡ് നല്കുന്നതിനുള്ള അനുമതിക്കും, ആയത് തുടർന്ന് പോരുന്നതിനുമുള്ള അനുമതി ലഭ്യമാക്കണമെന്നും സൂചിപ്പിച്ച് കൊണ്ട് കോർഡിനേഷൻ കമ്മറ്റിക്ക് നല്കിയ കത്തിന് മറുപടിയായി സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ 01.02.2017 ലെ 3(9) തീരുമാന പ്രകാരം പ്രോജക്ടിൽ ഓണറേറിയം, ക്യാഷ് അവാർഡ് എന്നിവ തനത് ഫണ്ടിൽ നിന്ന് ഉപയോഗിക്കാമെന്ന നിബന്ധനയോടെ അനുമതി നല്കിയിട്ടുള്ളതും ആയത് പ്രകാരം തുടർന്നുള്ള വർഷങ്ങളിലും ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളണെന്നും അറിയിച്ചുകൊള്ളുന്നുവെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ 5.7 പ്രകാരം പ്രോജക്ടിലുൾപ്പെടുത്തി പണമായി നല്കരുതെന്ന് നിഷ്കർഷിക്കുന്നുണ്ട്.കൂടാതെ കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്തിട്ടുള്ള 124124/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഭാഗം-3ൽ ഖണ്ഡിക 3-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-20 കഴുന്നാട്ട് മലപ്പടി കൊമ്പനാമല റോഡ് റീടാറിംഗ് - അധിക തുക ചെലവഴിച്ചു.

പ്രസ്തുത പ്രവൃത്തിയുടെ അളവ് ബുക്ക് പ്രകാരമുള്ള ആകെ മൂല്യം 397808/- രൂപയാണ്. ടി തുകയിൽ നിന്നും 0.1% ടെണ്ടർ കുറവ് വരുത്തിയ ശേഷമുള്ള 397410/- രൂപയാണ് ആകെ ചെലവഴിക്കാവുന്നത്. എന്നാലിതിനു പകരം അളവ് ബുക്കിലെ പ്രവൃത്തിമൂല്യം തെറ്റായി രേഖപ്പെടുത്തിയത് മൂലം 398408/- രൂപയാണ് പിൻവലിച്ചിട്ടുള്ളത്. തൻമൂലം 998/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-4 ൽ ചേർത്തിട്ടുണ്ട്.

## 1-21 പ്രായോഗിക വശങ്ങൾ പരിഗണിക്കാതെ ഷെൽട്ടർ ഹോം നിർമ്മിച്ചു.

തെരുവിൽ കഴിയുന്നവർക്കും വയോജനങ്ങൾക്കും താമസ സൗകര്യം ഒരുക്കുന്നതിന് മിനിസ്ട്രി ഓഫ് ഹോം & അർബൻ അഫയേഴ്സ് കീഴിലുള്ള നാഷണൽ ലൈവ് ലി ഹുഡ് മിഷൻ ( എൻ യു എൽ എം ) പ്രൊജക്ടിന്റെ ഭാഗമായി നഗരസഭ ഷെൽട്ടർ ഹോം നിർമ്മാണം നടത്തിയിട്ടുണ്ട്. നഗരസഭയിലെ 13-ാം വാർഡിലെ സർവ്വെ നം 190/5 ൽ ഉള്ളതും 16.19 ആർ വിസ്തീർണ്ണവുമുള്ള ഗവ: ഈസ്റ്റ് എൽ പി സ്കൂൾ ( നിർത്തലാക്കിയത്) ആണ് 3 കോടി രൂപ അടങ്കലിൽ ഷെൽട്ടർ ഹോം ആയി പരിവർത്തനം നടത്തുന്നതിന് തിരഞ്ഞെടുത്തത്. പ്രായോഗിക വശങ്ങൾ പരിഗണിക്കാതെയാണ് ഷെൽട്ടർ ഹോം നിർമ്മാണം നടത്തിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയായെങ്കിലും ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ നൽകി ( 5/8.06.2022, 17/10.06.2022). ഓഡിറ്റ് എൻക്വയറികൾക്ക് 16.06.2022 ന് മറുപടികൾ ലഭ്യമാക്കി. മറുപടികൾ പ്രകാരം ലഭ്യമാക്കിയ അധിക വിവരങ്ങൾ/രേഖകൾ എന്നിവ കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. മിനിസ്ട്രി ഓഫ് ഹോം & അർബൻ അഫയേഴ്സ് പുറത്തിറക്കിയ നാഷണൽ അർബൻ ലൈവ് ലി ഹുഡ് മിഷൻ (എൻ യു എൽ എം) ഡോക്യുമെന്റ് (ഷെൽട്ടർ ഹോം നിർമ്മാണ നിബന്ധന) പ്രകാരം 2011 സെൻസസ് പ്രകാരം 10 ലക്ഷം ജനസംഖ്യുള്ളതോ, സാമൂഹ്യമോ, ചരിത്രപരമോ, വിനോദ സഞ്ചാര പരമോ ആയ പ്രാധാന്യമുള്ള പട്ടണങ്ങളിലാണ് എൻ യു എൽ എമ്മിന്റെ ഷെൽട്ടർ ഹോം പ്രോജക്ട് നടപ്പാക്കേണ്ടത്. 2011 സെൻസസ് പ്രകാരം പിറവം നഗരസഭയുടെ ആകെ ജനസംഖ്യ 27229 ആണ്. നിർദ്ദേശാനുസരണമുള്ള യോഗ്യതയില്ലാത്ത പിറവം നഗരസഭ പ്രൊജക്ട് നിർവ്വഹണത്തിന് തിരഞ്ഞെടുക്കപ്പെട്ടതിന്റെ മാനദണ്ഡം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് നിബന്ധന ഭേദഗതി പ്രകാരം പ്രത്യേക നഗരങ്ങൾക്ക് സർക്കാരിന്റെ നിർദ്ദേശ പ്രകാരം ഷെൽട്ടർ ഹോം നിർമ്മാണം നടത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിബന്ധന ഭേദഗതി പേജ് നം 2 ലെ നിബന്ധന 2.3 പ്രകാരം ഇപ്രകാരം അനുമതി തേടാവുന്നതാണെങ്കിലും പ്രായോഗികതയുടെ പരിശോധന നഗരസഭ നടത്തേണ്ടതായിരുന്നു. മാത്രവുമല്ല സർക്കാരിന്റെ പ്രത്യേക അനുമതി നഗരസഭ നേടിയിട്ടില്ല.

2.എക്സിക്യൂട്ടീവ് ഓഫീസർ കുടുമ്പശ്രീയുടെ 4868/2015/കെ എസ് എച്ച് ഒ / തീയതിയിലെ പരിപത്രം പ്രകാരം അർഹരായവരെ കണ്ടെത്തുന്നതിന് വിപുലമായ രണ്ട് ഘട്ട സർവ്വെ നടത്തേണ്ടതുണ്ട്. നഗരസഭ 18/07/2017, 19/07/2017 എന്നീ തീയതികളിൽ സർവെ നടത്തി. ആദ്യ ഘട്ട സർവെയിൽ 12 ആളുകളേയും രണ്ടാം ഘട്ട സർവ്വെയിൽ 3 പേരെയുമാണ് കണ്ടെത്താൻ സാധിച്ചത്. അർഹരായ 50 പേരെ എങ്കിലും കണ്ടെത്താതെ നിർമ്മാണം ആരംഭിക്കുകയാണ് ചെയ്തിട്ടുള്ളത്.

3.കേരള സംസ്ഥാന വൈദ്യുതി ബോർഡ് തിരുവനന്തപുരത്തിനെയാണ് പ്രൊജക്ട് മാനേജ് മെന്റ് കൺസൽട്ടന്റായി തിരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം കെ എസ് ഇ ബി യെ തിരഞ്ഞെടുത്തതിന്റെ അടിസ്ഥാനം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് സർക്കാർ ഉത്തരവ് 95/2017/ഫിൻ/25.07.2017 ലഭ്യമാക്കി . ആയത് പ്രകാരം പ്രൊജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായി ( പി എം സി ) ഗവ:അക്രഡിറ്റഡ് ഏജൻസികളെ തിരഞ്ഞെടുക്കാം. അഞ്ച് ഏജൻസികൾ താൽപ്പര്യ പത്രം സമർപ്പിച്ചതായും അതിൽ നിന്നാണ് ഏറ്റവും കുറഞ്ഞ സെന്റേജ് ചാർജ് രേഖപ്പെടുത്തിയ കെ എസ് ഇ ബി യെ പി എം സി യായി തിരഞ്ഞെടുത്തതെന്നും നഗരസഭ മറുപടി നൽകിയെങ്കിലും പ്രസ്തുത താൽപ്പര്യ പത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

4.കെ എസ് ഇ ബി, സി സി ജി കൺസ്ട്രക്ഷൻസ് , മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന് സബ് കോൺട്രാക്ട് കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. കെ എസ് ഇ ബി യും സി സി ജി കൺസ്ട്രക്ഷൻസും തമ്മിൽ 30.01.2020 ന് 20/CW/2019-20 പ്രകാരം എഗ്രിമെന്റ് ഒപ്പുവെക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സബ് കോൺട്രാക്ട് നൽകാൻ

അനുമതി നൽകിയത് കെ എസ് ഇ ബി യുടെ ലെറ്റർ ഓഫ് അക്സപ്റ്റൻസ് പ്രകാരമാണെന്ന് മറുപടി നൽകി. സർക്കാർ ഉത്തരവ് 95/2017/ഫിൻ/25.07.2017 ലെ നിബന്ധന 9 പ്രകാരം സുതാര്യമായ ടെണ്ടർ നടപടി മുഖാന്തിരമാണ് പിഎംസികൾ കോൺട്രാക്ട് നൽകേണ്ടത്. എന്നാൽ കെ എസ് ഇ ബി ഇപ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിക്കപ്പെട്ടോയെന്ന് ഉറപ്പാക്കാൻ സാധിച്ചില്ല.

5.ഷെൽട്ടർ ഹോം നിർമ്മാണ നിബന്ധന, പിറവം നഗരസഭ തയ്യാറാക്കിയ Detailed Project Report (DPR) എന്നിവ പ്രകാരം ഷെൽട്ടർ മാനേജ്മെന്റ് കമ്മറ്റി ( SMC) രൂപീകരിക്കണം. മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനായിട്ടാണ് SMC രൂപീകരിക്കേണ്ടത്. എസ് എം സി രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയെങ്കിലും മിനിറ്റ്സിന്റെ വിവരങ്ങളോ മീറ്റിംഗിന്റെ വിവരങ്ങളോ ലഭ്യമാക്കിയില്ല.

6.ഷെൽട്ടർ ഹോം നിബന്ധനകൾ പ്രകാരം ഷെൽട്ടർ ഹോം പരിപാലനത്തിന് മാനേജർ, മൂന്ന് കെയർ ഗിവർമാർ എന്നിവരെ നിയമിക്കാം. ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ നഗരസഭയിൽ പുരോഗമിക്കുകയാണ്. ഷെൽട്ടർ ഹോം നിബന്ധനകൾ പ്രകാരം ഷെൽട്ടർ ഹോമിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ അഞ്ച് വർഷത്തെ ആനുകൂല്യങ്ങളാണ് എൻ യു എൽ എമ്മിൽ നിന്ന് നൽകുക. തനത് വരുമാനം കുറഞ്ഞ നഗരസഭ ജീവനക്കാരുടെ ശമ്പളം നൽകുക വഴി അധിക സാമ്പത്തിക ഭാരം അനുഭവിക്കാൻ സാധ്യതയുണ്ട്. പ്രൊജക്ടിന്റെ പ്രായോഗിക വശങ്ങൾ പഠിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.ലഭ്യമാക്കിയ രേഖകൾ പ്രകാരം 27600000/-രൂപ നഗരസഭക്ക് ഷെൽട്ടർ ഹോം നിർമ്മാണത്തിന് ലഭിച്ചിട്ടുണ്ട്.

8.നാളിതു വരെ ചെലവായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | ബിൽ തുക |
|---|---|---|---|
| 1 | സ്ട്രക്ച്ചറൽ ഡ്രോയിംഗ് | ദീപ വർക്കി | 90000 |
| 2 | സ്ട്രക്ച്ചറൽ ഡ്രോയിംഗ് | എൽസൺ ജോൺ | 70000 |
| 3 | വൈദ്യുതി | കെ എസ് ഇ ബി , പിറവം | 41076 |
| 4 | വെള്ളം | വാട്ടർ അതോറിറ്റി , പിറവം | 9095 |
| 5 | ആദായ നികുതി | സെക്രട്ടറി ( ആദായ നികുതി അടവാക്കുന്നതിന്) | 413011 |
| 6 | ജി എസ് റ്റി | സെക്രട്ടറി ( ജി എസ് റ്റി അടവാക്കുന്നതിന്) | 461146 |
| 7 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | സെക്രട്ടറി ( നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കുന്നതിന്) | 258241 |
| 8 | സെന്റേജ് ചാർജ് | കെ എസി ഇ ബി | 1188432 |
| 9 | കരാറുകാരന് നൽകിയ തുക | സി സി ജി കൺസ്ട്രക്ഷൻ | 23727218 |
| 10 | റിട്ടൻഷൻ | സെക്രട്ടറി | 964634 |
| ആകെ | | | 2,72,22,853 |

സ്ട്രക്ച്ചറൽ എൻജിനീയറിംഗിന് ദീപ വർക്കി , എൽസൺ ജോൺ എന്നിവരെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

8. വിവരാവകാശ അപേക്ഷക്ക് നഗരസഭ നൽകിയ ജി 1- 7024/18/20.04.2020 നം മറുപടി പ്രകാരം സ്കൂൾ ഉൾപ്പെടെയുള്ള പഴയ വസ്തുക്കൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ലേലം ചെയ്തതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് ജീർണ്ണാവസ്ഥയിലുള്ള കെട്ടിടം അപകടാവസ്ഥയിലായിരുന്നു എന്നും കുറച്ച് ഭാഗം മാത്രമാണ് പൊളിച്ച് നീക്കാനുണ്ടായിരുന്നത് എന്നും ലേലം ചെയ്തില്ല എന്നും അറിയിച്ചു. എന്നാൽ ഇക്കാര്യങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഇത്തരം തീരുമാനങ്ങളിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

9.നിബന്ധനകൾ പ്രകാരം പണം സ്വീകരിക്കുന്നതിന് പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണം. പ്രൊജക്ടിന്റെ ആദ്യ ഘട്ടത്തിൽ ഇപ്രകാരം യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ പിറവം ബ്രാഞ്ചിൽ 607902010010391 എന്ന പ്രത്യേക അക്കൗണ്ട് തുടങ്ങിയെങ്കിലും നിലവിൽ എൻ യു എൽ എമ്മിന്റെ പൊതു ബാങ്ക് അക്കൗണ്ട് ആണ് ഉപയോഗിക്കുന്നത്.

ഓഡിറ്റ് നിർദ്ദേശം

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ പരിശോധിച്ച് ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. പ്രൊജക്ടിന്റെ പ്രായോഗികത ഭരണ സമിതി പഠനം നടത്തി അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 സേവന ഫീസ് - നഗരസഭ തീരുമാനം എടുത്തിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ 8.03.2019 ലെ സ ഉ ( അച്ചടി) നം 28/2019 ധന ഉത്തരവ് പ്രകാരം നഗരസഭ നൽകുന്ന സേവനങ്ങൾക്ക് 5 % നിരക്കിൽ അധിക ഫീസ് വാങ്ങാം. ഇപ്രകാരം അധിക നിരക്ക് വാങ്ങുന്നത് സംബന്ധിച്ച് നഗരസഭ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 2/8/6/2022) നൽകിയ മറുപടിയിൽ നഗരസഭ ഇപ്രകാരം തീരുമാനം എടുത്തിട്ടില്ല എന്നും ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ വിഷയം ബഹു:കൗൺസിൽ മുമ്പാകെ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടിയുടെ വിവരം ബഹു:കൗൺസിൽ തീരുമാനം എടുക്കുന്ന മുറക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 ഓഫീസ് ഫർണിഷിംഗ് – പ്രൊജക്ട് നിർവ്വഹണത്തിലും ജി എസ് റ്റി നൽകിയതിലും അപാകതകൾ സംഭവിച്ചു.

ഫയൽ നം E 3 - 762/18

നഗരസഭയുടെ പുതിയ ഓഫീസ് ഫർണിഷിംഗ് പ്രൊജക്ടിന്റെ ബിൽ തയ്യാറാക്കൽ, തുക അനുവദിക്കൽ എന്നിവയിൽ അപാകത സംഭവിച്ചതായി കാണുന്നു. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | S0279/19-20 |
| പ്രൊജക്ടിന്റെ പേര് | നഗരസഭ പുതിയ ഓഫീസ് കെട്ടിടത്തിന്റെ ഫർണിഷിംഗ് അനുബന്ധ പ്രവൃത്തികൾ |
| എസ്റ്റിമേറ്റ് തുക | 9700000/- |
| ഫണ്ടിനം | തനത് ഫണ്ട് |
| കരാറുകാരൻ | മീനച്ചിൽ റബർവുഡ് ലിമിറ്റഡ്,പൂഞ്ഞാർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

അക്രഡിറ്റഡ് ഏജൻസിയായ മീനച്ചിൽ റബർവുഡ് ലിമിറ്റഡിനെയാണ് 09.07.2019 ലെ 14-ാം നം കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് നിർവ്വഹണത്തിന് വേണ്ടി തിരഞ്ഞെടുത്തത്. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (9/9.06.2022) നൽകി. ഓഡിറ്റ് എൻക്വയറിക്ക് 16.06.2022 ന് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1.പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് നഗരസഭ മാർക്കറ്റ് സ്റ്റഡി നടത്തിയതിന്റേയോ, വിശദമായ

എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റേയോ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിന് സ്റ്റോർസ് പർച്ചേയ്സ് വകുപ്പിന്റെ 12/04/2019 ലെ ജി ഒ ( ആർ റ്റി ) 14/2019 /എസ് പി ഡി നം ഉത്തരവിന്റെ അടിസ്ഥാനത്തിൽ മീനച്ചിൽ റബർവുഡ് ലിമിറ്റഡിനെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ തിരഞ്ഞെടുത്തിട്ടുള്ളതിനാലാണ് ഇപ്രകാരം നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചത് എന്ന് അറിയിച്ചു. വിവിധ അക്രഡിറ്റഡ് ഏജൻസികൾ ഉള്ളിനാൽ അവരിൽ നിന്ന് താൽപ്പര്യ പത്രം ക്ഷണിച്ചോ ടെണ്ടർ മുഖേനയോ പ്രൊജക്റ്റ് നിർവ്വഹണം നടത്തുന്നതായിരുന്നു ഉചിതം. ഇതര ഏജൻസികളെ സമീപിക്കാതിരുന്നതിനാൽ മത്സരാധിഷ്ഠിത നിരക്ക് ലഭിക്കുന്നതിന് സാധിച്ചില്ല. അക്രഡിറ്റഡ് ഏജൻസികൾ വഴി നിർവ്വഹണം നടത്തിയാലും ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട് എന്നും ഇപ്രകാരം സ്ഥാപനങ്ങൾ ചെയ്യാത്തതിനെ സംബന്ധിച്ചും ടെണ്ടർ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചും ധനകാര്യ വകുപ്പ് 17.01.2022 ൽ ജി ഒ ( പി ) നം 7/2022 ഫിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2.പ്രവൃത്തിയുടെ എം ബുക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. പർച്ചേസ് പ്രവൃത്തിയായതിനാലാണ് എം ബുക്ക് സൂക്ഷിക്കാത്തത് എന്ന് മറുപടി നൽകി. മീനച്ചിൽ റബർ വുഡിന്റെ 18.01.2019 ലെ CSC/2018-19/119 നം ക്വട്ടേഷനിൽ ഓരോ ഇനത്തിനുമാണ് അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. എം ബുക്ക് സൂക്ഷിക്കാത്തതിനാൽ സിവിൽ വർക്കുകൾ ചെയ്തത് വിലയിരുത്തുന്നതിന് നഗരസഭക്ക് സാധിച്ചിട്ടില്ല. പ്രവൃത്തിയുടെ വിവരം എം ബുക്കിൽ രേഖപ്പെടുത്തി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നതായിരുന്നു ഉചിതം.

3.പ്രവൃത്തിയുടെ ചെലവിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു

| | |
|---|---|
| ആകെ ക്വട്ടേഷൻ തുക( എസ്റ്റിമേറ്റ്) | 11598256 |
| ബിൽ പ്രകാരമുള്ള ആകെ തുക | 11544710 |
| ആകെ ചെലവ് തുക | 11514710 |
| 2019-20 ലെ ചെലവ് തുക | 5600000 |

മീനച്ചിൽ റബർ വുഡ് പ്രൈവറ്റ് ലിമിറ്റഡിന്റെ ബില്ലിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം /തീയതി | തുക |
|---|---|---|
| 1 | 69/24.09.2019 | 645106 |
| 2 | 87/11.09.2019 | 1224732 |
| 3 | 111/04.01.2020 | 451886 |
| 4 | 139/29.02.2020 | 239092 |
| 5 | 140/04.03.2020 | 3109100 |
| 6 | 141/04.03.2020 | 203590 |
| 7 | 143/12.03.2020 | 163548 |
| 8 | 144/12.03.2020 | 251552 |
| 9 | 8/15.05.2020 | 72688 |
| 10 | 10/20.05.2020 | 136290 |
| 11 | 16/05.06.2020 | 475587 |
| 12 | 34/01.07.2020 | 473640 |
| 13 | 39/08.07.2020 | 99297 |
| 14 | 48/22.07.2020 | 310946 |
| 15 | 49/22.07.2020 | 711334 |
| 16 | 50/22.07.2020 | 335155 |
| 17 | 51/22.07.2020 | 226775 |
| 18 | 52/22.07.2020 | 545661 |
| 19 | 24/08/2020 | 40757 |
| 20 | 03/09/2020 | 38940 |
| 21 | 04/09/2020 | 490459 |
| 22 | 04/09/2020 | 85153 |
| 23 | 04/09/2020 | 94282 |
| 24 | 09/09/2020 | 12619 |
| 25 | 24/09/2020 | 1012261 |

| | | |
|---|---|---|
| 26 | 02/11/2020 | 94260 |
| ആകെ | | 11544710 |

ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം ലഭ്യമാക്കിയ കണക്ക് പ്രകാരം മീനച്ചിൽ റബർ വുഡിന്റെ ബിൽ തുക 11514710/-രൂപ ആണ്. എന്നാൽ ബില്ലുകളിലെ തുക കൂട്ടിയാൽ ലഭിക്കുന്നത് 11544710/-രൂപ ആണ്. ഇക്കാര്യം പരിശോധിച്ച് കൃത്യത വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

4.ബില്ലുകളുടെ അടിസ്ഥാനത്തിൽ മീനച്ചിൽ റബർ വുഡ് പ്രൈവറ്റ് ലിമിറ്റഡിന് ആകെ നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | തീയതി | തുക നൽകിയതിന്റെ വിവരം (ഡി ഡി നം/ഓൺലൈൻ വിവരം/ തീയതി) | നൽകിയ തുക |
|---|---|---|---|
| 1 | 29/08/2019 | 586597 | 1000000 |
| 2 | 09/10/2019 | നെഫ്റ്റ് | 1200000 |
| 3 | 11/10/2019 | 593273 | 800000 |
| 4 | 07/01/2020 | 599194 | 1100000 |
| 5 | 13/03/2020 | 582144 | 1500000 |
| 6 | 18/09/2020 | 686147 | 2000000 |
| 7 | 22/11/2020 | 687926 | 100000 |
| 8 | 09/11/2020 | 691065 | 1500000 |
| 9 | 10/03/2021 | 69370 | 1000000 |
| 10 | 31/03/2022 | 624380 | 300000 |
| 11 | 31/03/2022 | 624380 | 624380 |
| 12 | കിഴിവുകൾ | കിഴിവുകൾ | 390328 |
| ആകെ | | | 11514708 |

മീനച്ചിൽ റബർ വുഡിന്റെ ബില്ലുകൾ പ്രകാരം ട്രാൻസ്പോർട്ടേഷൻ, അൺലോഡിംഗ് എന്നിവക്ക് 18% ജിഎസ്.റ്റി യാണ് ആവശ്യപ്പെട്ടിരിക്കുന്നതും നഗരസഭ നൽകിയിരിക്കുന്നതും എന്നാൽ ട്രാൻസ്പോർട്ടേഷന് നല്കാവുന്ന ജി എസ് റ്റി (GST HSN CODE 9965) 5 % ആണ്. ഇക്കാരണത്താൽ അധിക നിരക്കിൽ ജി എസ് റ്റി അനുവദിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് ട്രാൻസ്പോർട്ടേഷൻ ചാർജ് മുതലായവ മീനച്ചിൽ റബർ വുഡിന് അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവായ ജി ഒ ( ആർ റ്റി ) 24/2016/എസ് പി ഡി 27/04/2016 ആണ് ലഭ്യമാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. ജി എസ് റ്റി അനുവദിച്ചതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ആകെ ട്രാൻസ്പോർട്ടേഷൻ ചാർജ് | ആനുവദിച്ച ജി എസ് റ്റി ( 18%) | അനുവദിക്കാവുന്ന ജി എസ് റ്റി ( 5%) | അധികം |
|---|---|---|---|
| 782717 | 140889 | 39136 | 101753 |

ഓഡിറ്റ് വർഷം (2019-20) അധികം നൽകിയ ജി എസ് റ്റിയുടെ വിവരം

| 2019-20 ൽ നൽകിയ തുകയിൽ ആകെ ട്രാൻസ്പോർട്ടേഷൻ ചാർജ് | ആനുവദിച്ച ജി എസ് റ്റി ( 18%) | അനുവദിക്കാവുന്ന ജി എസ് റ്റി ( 5%) | അധികം |
|---|---|---|---|
| 468799 | 84384 | 23440 | 60944 |

ജി എസ് റ്റി ഇനത്തിൽ അധികം നൽകിയ തുക സംബന്ധിച്ച് പരിശോധിച്ച് തിരികെ ഈടാക്കേണ്ടതാണ്.

5. ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം കെ യു ആർ ഡി എഫ് സി ലോൺ മുഖാന്തിരം ഓഫീസ് ഫർണിഷിംഗിനുള്ള തുക കണ്ടെത്തുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ലോൺ മുഖാന്തിരമല്ലാതെ പ്രൊജക്ട് തുക കണ്ടെത്തിയതിന്റെ കാരണം വ്യക്തമാക്കണ മെന്നാവശ്യപ്പെട്ടതിന് ലോൺ ലഭിക്കുന്നതിനുള്ള കാലതാമസം മൂലമാണ് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചത് എന്ന് മറുപടി നൽകി.

6.നഗരസഭ ജനറൽ കമ്മറ്റിയുടെ 42 -ാം തീരുമാന പ്രകാരം നഗരസഭക്ക് സപ്ലൈകോ കൈമാറിയിട്ടുള്ള അഞ്ചാം നില വാടകക്ക് കൊടുത്ത് ആയതിന്റെ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിക്കുന്ന തുക നഗരസഭ ഓഫീസ് ഫർണ്ണിഷിംഗിന് അഡ്വാൻസ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയം/നമ്പറിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത നില വാടകക്ക് നൽകാൻ സാധിച്ചില്ല.

ഓഡിറ്റ് നിർദ്ദേശം

മുകളിൽ പരാമർശിച്ചിട്ടുള്ള ഓഡിറ്റ് പരാമർശങ്ങൾ പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി എസ് റ്റി ഇനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-24 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി നഗരസഭ ഫണ്ടിൽ ഒടുക്കുന്നു.

നഗരസഭയിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/9.6.22)അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-25 തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

*(1) തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ (133/20)*

നിർവ്വഹണ ഉദ്യോഗസ്ഥൻ-മുനിസിപ്പൽ എഞ്ചിനിയർ

നഗരസഭയിലെ 27 വാർഡുകളിലെ സി.എഫ്.എൽ (2x11 W) മെയിന്റനൻസ് നടത്തുന്നതിന് എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം ക്വാട്ട് ചെയ്ത കുറഞ്ഞ നിരക്ക് (767/-) അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 15.2.2019 ൽ പ്രസ്തുത സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ട്. കരാർ കാലാവധി ഒരു വർഷം അതായത് 14.2.20 വരെ. ഫയൽ പരിശോധിച്ചതിൽ ഓരോ വാർഡിലും ശരാശരി 11 ലൈറ്റുകൾ വീതം 27 വാർഡുകളിലായി ആകെ 294 ലൈറ്റുകൾ നന്നാക്കിയതായി രേഖപ്പെടുത്തി 27.3.2019 ൽ സ്ഥാപനം നൽകിയ ബില്ലിന്റെ (225498/- രൂപ) അടിസ്ഥാനത്തിൽ പദ്ധതി തുകയിൽ ലിമിറ്റ് ചെയ്ത് 225045/- രൂപ നൽകിയിട്ടുണ്ട്.(ബിൽ നം. 2054/13.6.19)

പദ്ധതി മോണിറ്ററിംഗുമായി ബന്ധപ്പെട്ട് വാർഡ് കൗൺസിലർമാർ നൽകിയിട്ടുള്ള സാക്ഷ്യപത്രത്തിൽ പ്രവൃത്തി നടത്തിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. സാക്ഷ്യപത്രത്തിന്റെ പുറക് വശത്ത് രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ നിന്നും പ്രസ്തുത പ്രവൃത്തി 15.2.19 മുതൽ 21.3.19 വരെയുള്ള കാലയളവിൽ പൂർത്തിയായിട്ടുള്ളതായി കാണുന്നു. ഒരു വർഷത്തേയ്ക്കായി ഏറ്റെടുത്ത തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തി കേവലം ഒന്നര മാസത്തിനുള്ളിൽ പൂർത്തീകരിച്ചാണ് തുക കൈപ്പറ്റിയിട്ടുള്ളത്. ബാക്കിയുള്ള കാലയളവിൽ ടി സ്ഥാപനം ഒരു ലൈറ്റുപോലും റിപ്പയർ ചെയ്തതായി രേഖകളില്ല. ശേഷിച്ച 9 1/2 മാസ കാലയളവിൽ നഗരസഭയിലെ ഒരു ലൈറ്റിനു പോലും അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നിട്ടില്ലേ, ഇതിനായി തനത് ഫണ്ടിൽ നിന്നും മറ്റ് തുകകൾ ചെലവഴിച്ചിട്ടുണ്ടോ, തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കിയിട്ടില്ല.

കരാറിലെ വ്യവസ്ഥ 15 പ്രകാരം നിലവിലുള്ള പോസ്റ്റിൽ നിന്നും മാറ്റുന്ന സാമഗ്രികൾ കരാറുകാരന് അവകാശപ്പെട്ടതാണെന്ന് രേഖപ്പെടുത്തി കാണുന്നു. കരാറുകാരൻ ചെയ്യുന്ന പ്രവൃത്തിയ്ക്ക് ടിയാൻ ക്വാട്ട് ചെയ്ത തുക നൽകുന്ന സാഹചര്യത്തിൽ പോസ്റ്റിൽ നിന്നും മാറ്റുന്ന പഴയ സാമഗ്രികൾ നഗരസഭയ്ക്ക് അവകാശപ്പെട്ടതും, ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി യഥാസമയം ലേലം നടത്തി വിൽക്കേണ്ടതുമാണ്. എന്നാലിതിനു പകരം ക്രമ വിരുദ്ധമായ നടപടി സ്വീകരിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ തെരുവ് വിളക്ക് മെയിന്റനൻസ് (159/19) പദ്ധതി പ്രകാരം നഗരസഭയുടെ 27 വാർഡുകളിലെ സി.എഫ്.എൽ (2x11 W) മെയിന്റനൻസ് നടത്തുന്നതിനുള്ള പ്രവൃത്തിയുടെ കരാറുകാരനായിരുന്ന ശ്രീ.എം.സി.രാജൻ 11.3.2018 ലാണ് നഗരസഭയുമായി കരാർ ചമച്ചത്. കരാർ പ്രകാരമുള്ള ഒരു വർഷ കാലയളവിലെ (10.3.2019 വരെ) പ്രസ്തുത ഇനം ലൈറ്റുകളുടെ മെയിന്റനൻസ് ടിയാളുടെ ഉത്തരവാദിത്വമാണ്. ടിയാൻ 27.3.2019 ൽ സമർപ്പിച്ച ബില്ലിൽ 20.2.19 മുതൽ 21.3.2019 വരെയുള്ള കാലയളവിൽ 162 ലൈറ്റുകൾ റിപ്പയർ ചെയ്തതായി രേഖപ്പെടുത്തി തുക കൈപ്പറ്റിയിട്ടുമുണ്ട്. (ബിൽ നം. 2055/13.6.19 – 99776/-)

ശ്രീ. രാജന്റെ കരാർ കാലാവധി 10.3.2019 വരെ നിലനിൽക്കുന്ന സാഹചര്യത്തിൽ അതേ ഇനം ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി 15.2.2019 ൽ എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനവുമായി കരാർ വെയ്ക്കാനുണ്ടായ കാരണം വ്യക്തമല്ല. മാത്രമല്ല, ശ്രീ. രാജൻ റിപ്പയർ ചെയ്തതായി രേഖപ്പെടുത്തി തുക കൈപ്പറ്റിയ അതേ കാലയളവിലെ പ്രവൃത്തിയ്ക്ക് തന്നെയാണ് എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിനും തുക

നൽകിയിട്ടുള്ളത്. ഒരിനം പ്രവൃത്തിയ്ക്ക് ഒരേ സമയം രണ്ട് ഏജൻസികൾക്ക് തുക നൽകിയത് ക്രമ വിരുദ്ധമാണ്.

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ തെരുവ് വിളക്കുകളുടെ വിവരം ( ഇനം, എണ്ണം, പോസ്റ്റ് നമ്പർ, സ്ഥലം) രേഖപ്പെടുത്തിയ രജിസ്റ്റർ, തെരുവ് വിളക്ക് പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (40/15.6.22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മുൻവർഷത്തെ കരാർ നിലനിൽക്കെ പുതിയ കരാർ ചമച്ച് ക്രമവിരുദ്ധമായി എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് നൽകിയ 225045/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | ഇല്ലിക്കമുക്കട ഇല്ലിക്കമല റോഡ് ടാറിംഗ് (150/20) സുധീർ രാജപ്പൻ പി.എ.സി -84782/- എം.ബുക്ക്-35/18-19 പ്രവൃത്തിമൂല്യം -84575/- ബിൽ നം. 2921/24.7.2019 | 6.10.2018<br>3 മാസം<br>5.1.2019 | 8.3.2019 | 2543 (3%) |
| 2 | മംമ്പുറത്ത്പ്പടി റോഡ് റീടാറിംഗ് (76/19) ഗീത പി.എ.സി -259123/- എം.ബുക്ക്-27/18-19 പ്രവൃത്തിമൂല്യം -259123/- ബിൽ നം. 10178/17.3.2020 | 28.2.2019<br>120 ദിവസം<br>27.6.2019 | 3.1.2020 | 12438 (3+1.8%) |
| 3 | അകത്ത്കാവ് പോലീസ് സ്റ്റേഷൻ റോഡ് റീടാറിംഗ് (76/19) ഗീത സദാനന്ദൻ പി.എ.സി -439310/- എം.ബുക്ക്-2/19-20 പ്രവൃത്തിമൂല്യം -439310/- ബിൽ നം. 9378/26.2.2020 | 8.3.2019<br>60 ദിവസം<br>7.5.2019 | 14.12.2019 | 25041 (3+2.7%) |
| | ആകെ | | | 40022 |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തി പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട്

തയ്യാറാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/14.6.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-27 വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല.

പിറവം നഗരസഭയുടെ പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന അഡ്വക്കേറ്റ് ജോർജ് സെബാസ്റ്റിന് 2019-20സാമ്പത്തിക വർഷം താഴെച്ചേർക്കുംവിധം ഫീസ് നല്കിയിട്ടുണ്ട്.

| ക്രമനം | കേസ് | തുക | ചെക്ക് | തീയതി | ഈടാക്കേണ്ട നികുതി (10%) |
|---|---|---|---|---|---|
| 1 | WP(C)40755/2018<br>WP(C)1010/2019<br>WP(C)8181/2019<br>WP(c)4777/2019<br>AP(C)140/2019<br>OP(C) 1391/2019 | 10000<br>10000<br>10000<br>10000<br>12000<br>5000 | 586840 | 24.07.2019 | 5700 |
| 2 | WP(C) 7162/2019 | 10000 | 593382 | 20.11.2019 | 1000 |
| 3 | WP(C) 33662/2018 | 10000 | 689641 | 20.05.2019 | 1000 |
| 4 | WP(C) 37412/2018 | 10000 | 689641 | 20.05.2019 | 1000 |
| 5 | WP(C) 39139/2018 | 10000 | 689641 | 20.05.2019 | 1000 |
| 6 | WP(C) 4779/2019 | 10000 | 586817 | 16.07.2019 | 1000 |
| | ആകെ | | | | 10700 |

വരുമാന നികുതി വകുപ്പിന്റെ 194 (J) ആക്ട് പ്രകാരം പ്രൊഫഷണൽ പ്രവൃത്തികളിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും അവർക്ക് നല്കുന്ന ഫീസിൽ നിന്ന് 10% തുക ആദായ നികുതിയായി ഈടാക്കാമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും അഡ്വക്കേറ്റ് ജോർജ് സെബാസ്റ്റിനിൽ നിന്നും 10700/- രൂപ ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 14.06.2022 ൽ നല്കിയ 38ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അഡ്വക്കേറ്റ് ജോർജ് സെബാസ്റ്റിനിൽ നിന്നും 10700/- രൂപ ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയക്കേണ്ടതാണ്.

## 1-28 വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച തുക സർക്കാരിലേക്ക് അടച്ചിട്ടില്ല.

ഫയൽ നം E 3 -6307/19

വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്ക് വേണ്ടി പ്രൊജക്ട് നം 134/19 പ്രകാരം 18.06.2019 ൽ 630000/- രൂപ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂവാറ്റുപുഴയ്ക്ക് ഓൺലൈനായി കൈമാറിയിട്ടുണ്ട് ( സാഖ്യ ബിൽ നം 140/20.01.2020). വാട്ടർ അതോറിറ്റിയുടെ 21.03.2022 ലെ 2275/VOL II വിനിയോഗ സാക്ഷ്യപത്രം പ്രകാരം പ്രസ്തുത തുകയിലെ 51955/- രൂപ ഉൾപ്പെടെ 81851/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 81851/- രൂപ 22.03.2022 ലെ ചെക്ക് നം 450063 പ്രകാരം വാട്ടർ അതോറിറ്റി നഗരസഭ ഫണ്ടിൽ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം 4/8/6/2022) നൽകി.ആയതിന് നഗരസഭ 10.06.2022 ൽ . കൃത്യമായ ഹെഡ് ഓഫ് അക്കൗണ്ട് അറിയാത്തതിനാലാണ് തുക തിരികെ അടക്കാൻ സാധിക്കാത്തത് എന്ന് മറുപടി നൽകി.

ഓഡിറ്റ് നിർദ്ദേശം

തുക അടവാക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് സംബന്ധിച്ച് ട്രഷറിയിൽ നിന്ന് രേഖാമൂലം

വിവരം ആവശ്യപ്പെട്ട് തുക സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും സർക്കാരിൽ ഒടുക്കുന്നില്ല.

മുനിസിപ്പൽ സെക്രട്ടറിക്ക് സർക്കാരിൽ നിന്നും ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനാൽ പ്രതിമാസ

ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും യഥാക്രമം 0217-60-800-99 , 0071-01-101-99 എന്നീ അക്കൗണ്ട് ഹെഡുകളിൽ നഗരസഭാഫണ്ടിൽ നിന്നും ഒടുക്കേണ്ടതുണ്ട്. ഓഡിറ്റ് വർഷത്തിൽ ഇപ്രകാരം തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 1/8/6/2022) നൽകിയ മറുപടിയിൽ തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം ഒടുക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ് എന്നറിയിച്ചു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഘട്ടം ഘട്ടമായി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

പ്രതിമാസ ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും സർക്കാരിലേക്ക് അടവാക്കുന്ന മുറക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-30 വെള്ളക്കര കുടിശ്ശിക-നഗരസഭയ്ക്ക് വൻ ബാദ്ധ്യതയാകുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ ഡിമാന്റ് നോട്ടീസ് പ്രകാരം നഗരസഭയിൽ 694 പൊതുടാപ്പുകളാണുള്ളത്. ഒരു ടാപ്പിന് പ്രതിവർഷം 7884/- രൂപ എന്ന നിരക്കിൽ ഓരോ മാസവും 455958/- രൂപ നഗരസഭ വാട്ടർ അതോറിറ്റിക്ക് നല്കുന്നുണ്ട്. 21.04.2020ലെ ബിൽ നം. 42219 പ്രകാരം നഗരസഭ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ നല്കുവാനുണ്ടായിരുന്നത് (കുടിശ്ശികയും ഫൈനും ഉൾപ്പടെ ) 2,38,67,410 -രൂപയാണ്. 09.05.2022ൽ ലഭ്യമാക്കിയ ബിൽ നം 62959 പ്രകാരം ഒരു ടാപ്പിന് 8692.11 രൂപ നിരക്കിൽ 694 പൊതുടാപ്പുകൾക്ക് കുടിശ്ശികയും ഫൈനും ഉൾപ്പടെ 5,37,39,370/- രൂപയാണ്. ഇത്രയും ഭീമമായ തുക അടവാക്കുന്നതിന് നഗരസഭ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കേണ്ടതാണ്. കൂടാതെ നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന വികസനഫണ്ടിന്റെ സോഴ്സിൽ നിന്ന് വെള്ളക്കര കുടിശ്ശികയിനത്തിൽ ഇതേവരെ എത്ര രൂപ സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്. ആയതിനും വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 15.06.2022 ൽ നല്കിയ 43ാം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ 14.06.2017 ൽ നഗരസഭയുടെ വെള്ളക്കരക്കുടിശ്ശിക 55,37,426 രൂപയായിരുന്നെന്നും, ഈ തുക തന്നെ നഗരസഭയ്ക്ക് അടവാക്കുവാൻ നിർവ്വാഹമില്ലാത്തതായിരുന്നെന്നും, ഒറ്റത്തവണ തീർപ്പാക്കലിനായി 18.05.2017, 05.10.2017 എന്നീ തീയതികളിൽ നല്കിയ കത്തുകളിൽ 600000/-രൂപ മാത്രമാണ് കുറവായി അനുവദിച്ചതെന്നുമായിരുന്നു മറുപടി. കൂടാതെ കാലാകാലങ്ങളിൽ വന്നിട്ടുള്ള പിഴപ്പലിശ വർദ്ധിച്ചതാണ് ഇത്രയും ഭീമമായ തുകയിലേക്ക് എത്തിയതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ നഗരസഭ കൗൺസിലിന്റെ 29.09.2019 ലെ 28ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഉപയോഗശൂന്യമായ പൊതുടാപ്പുകൾ കണ്ടെത്തുന്നതിന്, സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിച്ചെങ്കിലും കോവിഡ് വ്യാപനം മൂലം ഈ പ്രവൃത്തി ഇടയ്ക്ക് വെച്ച് നിർത്തേണ്ടതായി വന്നുവെന്നും അറിയിച്ചിട്ടുണ്ട്. പിന്നീട് 20.09.2021 ൽ സംയുക്ത പരിശോധന പുനരാരംഭിച്ചതിൽ 649 ൽ 79 എണ്ണം ഒഴിവാക്കാനായി തീരുമാനിച്ചെങ്കിലും ആയതിനായി വാട്ടർ അതോറിറ്റിയിൽ 16,84,000/- രൂപ അടവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും പ്രസ്തുത തുക ഒരുമിച്ച് അടവാക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട് നഗരസഭയ്ക്ക് ഉള്ളതിനാൽ വാർഡ് തിരിച്ച് എസ്റ്റിമേറ്റ് നല്കുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ടാപ്പ് റദ്ദ് ചെയ്യുന്ന നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പിഴപ്പലിശ ഒഴിവാക്കിയുള്ള തുക നിശ്ചയിച്ച് കിട്ടുന്ന മുറയ്ക്ക് കുടിശ്ശിക തുക ഗഡുക്കളായി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയുടെ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നു. എന്നാൽ വെള്ളക്കര കുടിശ്ശിക അടിയന്തരമായി തീർപ്പാക്കാത്ത പക്ഷം ഭീമമായ കുടിശ്ശികയായി വർദ്ധിക്കുകയും നഗരസഭയ്ക്ക് ഇത് വൻ ബാദ്ധ്യതയായി മാറുകയും ചെയ്യുന്നതാണ്. സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കേണ്ടതാണ്.

### 1-31 വെള്ളക്കരം കുടിശ്ശിക - പിഴത്തുക നഗരസഭാ ഫണ്ടിൽ നിന്നും നൽകി

പിറവം നഗരസഭയിലെ ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റൽ, താലൂക്ക് ഗവൺമെന്റ് ഹോസ്പിറ്റൽ എന്നി സ്ഥാപനങ്ങളിലെ മുൻമാസങ്ങളിലെ വെള്ളക്കരം സമയബന്ധിതമായി അടവാക്കാതിരുന്നതിനാൽ പിഴത്തുകയായി 8668/- നല്കി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തീയതി | അടവാക്കിയ തുക | പിഴത്തുക | ചെക്ക് നം | തീയതി |
|---|---|---|---|---|---|---|
| 1 | 49330063 | 25.06.2019 | 146035 | 4404 | 586130 | 01.07.2019 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 49059676 | 18.06.2019 | 162164 | 4264 | 586813 | 16.07.2019 |
| ആകെ | | | | 8668 | | |

നിലവിൽ മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ എച്ച്.എം.സി ഫണ്ട് ഉള്ളതാണ്. നഗരസഭയിൽ നിന്ന് ഫണ്ട് ലഭ്യമല്ലാത്ത കാലയളവിൽ എച്ച്.എം.സി ഫണ്ടിൽ നിന്ന് തുക അടവാക്കി നഗരസഭയിൽ നിന്ന് ഫണ്ട് റീക്കൂപ്പ് ചെയ്യാൻ സാധിക്കുന്നതാണ്. എന്നിട്ടും 8668/- രൂപ പിഴത്തുകയായി നൽകേണ്ടി വരുന്നത് അനുവദിക്കാവുന്നതല്ല. മേൽ ചെലവിന്മേൽ പിഴത്തുക നല്കിയതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 16.06.2022 ൽ നല്കിയ 53ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളതാണ് . പിഴത്തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുടർ ചെലവുകളിൽ ഇത്തരം പിഴത്തുകകൾ നല്കാതിരിക്കുവാൻ നഗരസഭ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-32 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|
| 1 | അന്താനപ്പിള്ളിൽത്താഴം ഫാം റോഡ് മെറ്റലിംഗ് & ടാറിംഗ് (153/20) എം.സി.രാജൻ പി.എ.സി -158638/- പ്രവൃത്തിമൂല്യം -158564/- ബിൽ നം. 2986/26.7.19 | 14.9.2018 28.9.2018 | 1.10.2018 (മുദ്രപത്രം വാങ്ങിയ തീയതി 3.10.18) | 1586 |
| 2 | പനച്ചിക്കൽത്താഴം കടലാംഗൽത്താഴം റോഡ് മെറ്റലിംഗ് & ടാറിംഗ് (151/20) കെ.എ.സാബു പി.എ.സി -353840/- പ്രവൃത്തിമൂല്യം -353572/- ബിൽ നം. 2926/24.7.2019 | 14.9.2018 28.9.2018 | 3.10.2018 | 3538 |
| 3 | നാമക്കുഴി എൽ.പി.സ്കൂൾ പെരുമ്പടവം റോഡ് റീടാറിംഗ് (167/20) ഷാജികുമാർ.കെ.കെ പി.എ.സി -169838/- പ്രവൃത്തിമൂല്യം -169568/- ബിൽ നം. 2925/24.7.2019 | 14.9.2018 28.9.2018 | 3.10.2018 | 1696 |
| 4 | ചിറക്കപ്പടി പുതായത് ത്താഴം റോഡ് മെറ്റലിംഗ് & ടാറിംഗ് (154/20) എം.സി.രാജൻ പി.എ.സി -145489/- പ്രവൃത്തിമൂല്യം -145489/- ബിൽ നം. 2988/26.7.19 | 14.9.2018 28.9.2018 | 1.10.2018 (മുദ്രപത്രം വാങ്ങിയ തീയതി 3.10.18) | 1455 |

| | | | | |
|---|---|---|---|---|
| 5 | തട്ടാംപറമ്പിൽപ്പടി കഴന്നാട്ടത്താഴം റോഡ് റീടാറിംഗ് (172/20) ഗീത പി.എ.സി -79107/- പ്രവൃത്തിമൂല്യം -79107/- ബിൽ നം. 2953/26.7.2019 | 15.1.2019 29.1.2019 | 15.2.2019 | 1000 |
| 6 | മംമ്പുറത്ത്പ്പടി റോഡ് റീടാറിംഗ് (76/19) ഗീത പി.എ.സി -259123/- പ്രവൃത്തിമൂല്യം -259123/- ബിൽ നം. 10178/17.3.2020 | 15.1.2019 29.1.2019 | 28.2.2019 | 2591 |
| 7 | കക്കാട് ഹെൽത്ത് സെന്റർ റോഡ് മെറ്റലിംഗ് & ടാറിംഗ് (152/20) എം.സി.രാജൻ പി.എ.സി -134407/- പ്രവൃത്തിമൂല്യം -114970/- ബിൽ നം. 2922/24.7.19 | 14.9.2018 28.9.2018 | 1.10.2018 (മുദ്രപത്രം വാങ്ങിയ തീയതി 3.10.18) | 1344 |
| | ആകെ | | | 13210 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, പിഴ ഇനത്തിൽ ഈടാക്കേണ്ട 13210/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/14.6.22) നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിൻമേൽ നടപടി സ്വീകരിച്ച് തുകയുടെ ഒടുക്ക വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-33 ബിറ്റുമിൻ ബാരൽ വില – നിയമാനുസൃത ജി.എസ്.ടി ബില്ലിൽ കുറവു ചെയ്തില്ല

2019-20 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നല്കേണ്ടത്. എന്നാൽ മുൻസിപ്പൽ എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിലെ ഫൈനൽ ബില്ലിൽ നിന്നും ബാരലിന്റെ വില മാത്രമാണ് കുറവ് ചെയ്തിട്ടുള്ളതായി കാണുന്നത്. നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി 18% നിരക്കിൽ ഈടാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | | ഈടാക്കിയ തുക | കുറവ് (ജി. എസ്.റ്റി) 18% |
|---|---|---|---|---|---|---|
| | | | ബാരൽ വില | ജി.എസ്.റ്റി 18% | | |
| 1 | പനച്ചിക്കൽത്താഴം കടലാംഗൽത്താഴം റോഡ് മെറ്റലിംഗ് & ടാറിംഗ് (151/20) കെ.എ.സാബു എം.ബുക്ക്-99/18-19 പ്രവൃത്തിമൂല്യം -353572/- ബിൽ നം. 2926/24.7.2019 | 7 | 1666 | 301 | 1666 | 301 |
| 2 | മാർത്തോമാപ്പള്ളി കോച്ചേരിത്താഴം റോഡ് റീടാറിംഗ് (168/20) സുധീർ രാജപ്പൻ എം.ബുക്ക്-33/18-19 പ്രവൃത്തിമൂല്യം -167947/- ബിൽ നം. 2920/24.7.2019 | 9 | 2142 | 387 | 2142 | 387 |

| | | | | | | |
|---|---|---|---|---|---|---|
| 3 | നാമക്കുഴി എൽ.പി.സ്കൂൾ പെരുമ്പടവം റോഡ് റീടാറിംഗ് (167/20) ഷാജികുമാർ.കെ.കെ എം.ബുക്ക്-105/18-19 പ്രവൃത്തിമൂല്യം -169568/- ബിൽ നം. 2925/24.7.2019 | 7 | 1666 | 301 | 1666 | 301 |
| 4 | ചിറക്കപ്പടി പുതായത് ത്താഴം റോഡ് മെറ്റലിംഗ് & ടാറിംഗ് (154/20) എം.സി.രാജൻ എം.ബുക്ക്-103/18-19 പ്രവൃത്തിമൂല്യം -145489/- ബിൽ നം. 2988/26.7.19 | 5 | 1190 | 215 | 1190 | 215 |
| 5 | തട്ടാംപറമ്പിൽപ്പടി കഴുന്നാട്ട്ത്താഴം റോഡ് റീടാറിംഗ് (172/20) ഗീത എം.ബുക്ക്-31/18-19 പ്രവൃത്തിമൂല്യം -79107/- ബിൽ നം. 2953/26.7.2019 | 5 | 1190 | 215 | 1190 | 215 |
| 6 | ഇല്ലിക്കമുക്കട ഇല്ലിക്കമല റോഡ് ടാറിംഗ് (150/20) സുധീർ രാജപ്പൻ എം.ബുക്ക്-35/18-19 പ്രവൃത്തിമൂല്യം -84575/- ബിൽ നം. 2921/24.7.2019 | 6 | 1428 | 258 | 1428 | 258 |
| 7 | മംമ്പുറത്ത്പ്പടി റോഡ് റീടാറിംഗ് (76/19) ഗീത എം.ബുക്ക്-27/18-19 പ്രവൃത്തിമൂല്യം -259123/- ബിൽ നം. 10178/17.3.2020 | 16 | 3808 | 688 | 3808 | 688 |
| 8 | അകത്ത്കാവ് പോലീസ് സ്റ്റേഷൻ റോഡ് റീടാറിംഗ് (76/19) ഗീത സദാനന്ദൻ എം.ബുക്ക്-2/19-20 പ്രവൃത്തിമൂല്യം -439310/- ബിൽ നം. 9378/26.2.2020 | 27 | 6426 | 1161 | 6426 | 1161 |
| 9 | ചന്ദേലിപ്പടി റോഡ് റീടാറിംഗ് (163/20) ജോജിഷ് ജോസ് എം.ബുക്ക്-30/18-19 പ്രവൃത്തിമൂല്യം -478712/- ബിൽ നം. 3009/29.7.2019 | 30 | 7140 | 1290 | 714൦൦ | 1290 |
| 10 | കൊച്ചുപ്പള്ളി ന്യൂ ബസാർ റോഡ് റീടാറിംഗ് (160/20) സുധീർ രാജപ്പൻ എം.ബുക്ക്-36/18-19 പ്രവൃത്തിമൂല്യം -398937/- ബിൽ നം. 2924/24.7.2019 | 24 | 5712 | 1032 | 5712 | 1032 |
| | ആകെ | | | | | 5848 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ട തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/14.6.22)അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഇനത്തിൽ ഒടുക്കുവാൻ ശേഷിക്കുന്ന തുക ഒടുക്കി ഓഡിറ്റിൽ രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്.

## 1-34 അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കേന്ദ്രസർക്കാറിന്റെ അപ്രന്റിസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റിസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റിസ് ട്രെയിനികൾക്കും അനുവദിക്കുന്ന (2016 ഒക്ടോബർ മുതൽ) സ്റ്റൈപന്റിന്റെ 25% പരമാവധി ₹1500/- സ്റ്റൈപന്റ് നൽകുന്ന സ്ഥാപനത്തിന് കേന്ദ്രസർക്കാർ നൽകുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26.09.2016 ലെ എഫ്-1/21777/ 2016 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷം നഗരസഭയിൽ ICWAI തസ്തികയിൽ അപ്രന്റിസ് ട്രെയിനിയായി നിയമിച്ച മിസ്.സിഞ്ജു സ്റ്റീഫൻ, മിസ് മേരിമോൾ എബി എന്നിവർക്ക് ചുവടെ ചേർക്കും പ്രകാരം പ്രതിമാസം വേതനമായി നല്കിയിട്ടുണ്ട്.

| ക്രമനം | മാസം | നല്കിയ തുക | ചെക്ക് നം | തീയതി |
|---|---|---|---|---|
| 1 | ജൂലൈ 2019 | 14968 | 586527 | 05.09.2019 |
| 2 | ഓഗസ്റ്റ് 2019 | 14452 | 586527 | 05.09ആയതിനാൽ.2019 |
| 3 | സെപ്റ്റംബർ 2019 | 8799 | 1870750 | 01.10.2019 |
| 4 | ഒക്ടോബർ 2019 | 8772 | 5124006 | 02.11.2019 |
| 5 | ജനുവരി 2020 | 9548 | 589542 | 11.02.2020 |
| 6 | ഫെബ്രുവരി 2020 | 10207 | 5124039 | 02.03.2020 |
| | ആകെ | 66746 | | |

മേൽ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിൽ നിന്നും തുക ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് 11.06.2022ൽ നല്കിയ 6ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ ബന്ധപ്പെട്ട വകുപ്പിന് കത്ത് നല്കി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പിന് അടിയന്തരമായി ചെലവ് രേഖകൾ കൈമാറി ചെലവ് തുക തനത് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-35 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- വികസന ഫണ്ടിൽ നിന്നും ക്രമപ്രകാരമല്ലാതെ ആനുകൂല്യം നൽകി.

പ്രോജക്ട് നമ്പർ -145/20 (S.O)

അടങ്കൽ – 690000/- ( വികസനഫണ്ട് -ജനറൽ)

ചെലവ് – 690000/- (ബിൽ -1/2019-20 Rs.690000- C/o 29/07/2019 )

പ്രോജക്ട് നമ്പർ - 06/20 (New)

അടങ്കൽ - 14.66,000/- ( വികസനഫണ്ട് -ജനറൽ)

ചെലവ് – 14,00,000/- (ബിൽ നം – 5/2019-20 Rs.28500/- C/o 10/12/2019, ബിൽ നം – 6/2019-20 Rs.11,41,000/- C/o 06/01/2020 & ബിൽ നം – 8/2019-20 Rs.230500/- C/o 13/03/2020)

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ പൊതുനിബന്ധനകളിലെ ഖണ്ഡിക 7.1.6 പ്രകാരം നഗരസഭയിലെ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പഠനസഹായികൾക്കുള്ള ബത്ത, യാത്രാബത്ത, വസ്ത്രങ്ങൾക്കുള്ള ബത്ത, പഠനപര്യടനം, ഉല്ലാസയാത്ര എന്നിവയുൾപ്പടെ ഒരുവർഷം പരമാവധി 28,500/- രൂപ എന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകാൻ സർക്കാർ അനുവദിച്ചിട്ടുണ്ട്. സ്കൂളുകളിലല്ലാതെ ഡെകെയർ സെന്ററുകളിൽ പോകുന്ന വിദ്യാർത്ഥികൾക്കും ഡെ കെയർ ബത്ത, യാത്രാബത്ത എന്നീയിനങ്ങളിലായി പ്രതിമാസം 2000/- രൂപ നിരക്കിൽ ഒരു വർഷം പരമാവധി 24000/- രൂപ എന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്. സ്കൂളുകളിലോ, കെയർ സെന്ററിലോ പോകാത്ത മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിൽ താഴെയുള്ള വിദ്യാർത്ഥികൾക്കും പ്രതിമാസം 1,000 നിരക്കിൽ പ്രതിവർഷം 12,000/- രൂപ സ്കോളർഷിപ്പിനർഹതയുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട കുറിപ്പുകളിൽ സ്കോളർഷിപ്പ് വാങ്ങുന്ന ഗുണഭോക്താക്കൾ സ്ഥിരതാമസക്കാരായിട്ടുള്ള

തദ്ദേശസ്ഥാപനമാണ് ധനസഹായം നൽകേണ്ടതെന്നും ധനസഹായത്തിന് തെരഞ്ഞെടുക്കുന്നവരുടെ പട്ടിക ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്നും വാർഡ് സഭയിൽ വായിച്ച് അംഗീകാരം നേടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ധനസഹായ തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പിറവം നഗരസഭയുടെ 2019-20 വാർഷിക പദ്ധതി പ്രകാരം ഈ വിഭാഗത്തിൽ ധനസഹായം നൽകാൻ രണ്ട് പദ്ധതികളിലായി 20,90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കല്ലാതെ സി.മെഴ്സി എന്ന വ്യക്തിയുടെ പേരിലുള്ള 021241000012584 (IFSC UBINODCBEDC) നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് സ്പിൽ ഓവർ പദ്ധതിയിൽ നിന്നും 78,000/- രൂപയും ഈ വർഷത്തെ പദ്ധതിയിൽ നിന്നും 1,35,000/- രൂപയും ഉൾപ്പടെ ആകെ 2,13,000/- രൂപ നൽകിയിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചതിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന സ്നേഹഭവൻ എന്ന സ്ഥാപനത്തിനായാണ് തുക നൽകിയിട്ടുള്ളത്. ഈ സ്ഥാപനത്തിൽ 16 അന്തേവാസികൾ ഉള്ളതും ഇവർക്ക് സ്കോളർഷിപ്പ് അനുവദിക്കണമെന്ന് ഈ സ്ഥാപനം അപേക്ഷിച്ചിട്ടുള്ളത് പ്രകാരമാണ് ആനുകൂല്യം നൽകിയുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്തത ലഭിച്ചിട്ടില്ല.

1.ഈ സ്ഥാപനത്തിൽ 16 അന്തേവാസികൾ ഉണ്ടെന്ന് അപേക്ഷയിൽ പറയുന്നുവെങ്കിലും 14 അന്തേവാസികളുടെ വിവരങ്ങളും മെഡിക്കൽ സർട്ടിഫിക്കറ്റുകളും മാത്രമാണ് ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ളത്. ഹാജരാക്കിയ രേഖകൾ പ്രകാരം സ്ഥാപനത്തിൽ പതിനെട്ട് വയസ്സിൽ താഴെയുള്ള അന്തേവാസികളില്ല. ഹാജരാക്കിയ രേഖകൾ പ്രകാരം അന്തേവാസികളിൽ ഭൂരിപക്ഷവും 30 മുതൽ 50 വയസ്സ് വരെ പ്രായമുള്ളവരാണ്. ഇവർക്ക് സ്കോളർഷിപ്പ് നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. സ്കൂളുകളിലോ കെയർ സെന്ററിലോ പോകാത്ത, മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിൽ താഴെയല്ലാത്ത വിദ്യാർത്ഥികളല്ലാത്തവർക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും പ്രത്യേകം അനുവാദം വാങ്ങിയതായുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

3. സ്ഥാപനം ഹാജരാക്കിയ രേഖകളിൽ സ്ഥാപനത്തിലെ ഒരാളൊഴികെയുള്ള അന്തേവാസികളുടെ സ്ഥിരം മേൽവിലാസം മറ്റ് ജില്ലകളിലും ജില്ലയിലെ മറ്റ് തദ്ദേശസ്ഥാപനങ്ങളിലുമാണ്. സ്കോളർഷിപ്പ് വാങ്ങുന്ന ഗുണഭോക്താക്കൾ സ്ഥിരതാമസക്കാരായിട്ടുള്ള തദ്ദേശസ്ഥാപനമാണ് ധനസഹായം നൽകാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതെന്നതിനാൽ ഈ ഗുണഭോക്താക്കൾക്ക് നഗരസഭ ആനുകൂല്യം നൽകിയതെങ്ങനെ എന്ന കാര്യം വ്യക്തമല്ല.

4.ഈ പദ്ധതിക്കായി തെരഞ്ഞെടുക്കുന്നവരുടെ പട്ടിക തദ്ദേശസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്നും വാർഡ് സഭയിൽ വായിച്ച് അംഗീകാരം നേടണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചതായോ വാർഡ് സഭകളിൽ വായിച്ച് അംഗീകാരം നേടിയതായോ ഉള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

5. പദ്ധതി പ്രകാരമുള്ള ധനസഹായം വ്യക്തിഗത ആനുകൂല്യമായതിനാൽ ധനസഹായതുക നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പിറവം നഗരസഭയുടെ 2019-20 വാർഷിക പദ്ധതി പ്രകാരമുള്ള ധനസഹായം പദ്ധതി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കല്ലാതെ 'സ്നേഹഭവൻ' എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതിന് വിശദീകരണം നൽകിയിട്ടില്ല. സ്ഥാപനത്തിന് നൽകിയ 2,13,000/- രൂപ എന്തിനാണ് നൽകിയതെന്നോ അന്തേവാസികളിൽ ആർക്കെല്ലാം എത്ര രൂപ വീതമാണ് ധനസഹായം അനുവദിച്ചതെന്നോയുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

6. ബിൽ നം-8/2019-20 പ്രകാരം 13/03/2020 ൽ മാറിയ 230500/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബിൽ പ്രകാരമുള്ള തുക ആർക്കെല്ലാം എത്ര വീതമാണ് അനുവദിച്ചതെന്നുൾപ്പെടയുള്ള വിവരങ്ങൾ ലഭ്യമല്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ-34 തിയതി 14.06.2022) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ചെലവിന്റെ ആധികാരിക വിശദാംശങ്ങളുടെ അഭാവത്തിൽ ക്രമപ്രകാരമല്ലാതെ സ്ഥാപനത്തിന്റെ പേരിൽ നൽകിയ 2,13,000/- രൂപയും ചെലവിന്റെ വിശദാംശങ്ങളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്ത 2,30,500/- രൂപയുമുൾപ്പടെ 4,43,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 കാലാഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ - നടപടികൾ സ്വീകരിക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് Vol I ആർട്ടിക്കിൾ 282 പ്രകാരം കാലാഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ ( 3 വർഷം കഴിഞ്ഞവ) തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. നഗരസഭയുടെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നാളിതുവരെയായി നഗരസഭയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതായി കാണുന്നില്ല. അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( നം 15/10/06/2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | നിക്ഷേപകന്റെ പേര് | തീയതി | തുക | രസീത് നം |
|---|---|---|---|---|
| 1 | വി കെ കുര്യാക്കോസ് | 31.03.2016 | 10000 | 11501101695/31.3.2016 |
| 2 | യദു പുരുഷോത്തമൻ | 31.03.2016 | 10000 | 11501101735/31.3.2016 |
| 3 | വി പി ഫിലിപ്പ് | 18.04.2016 | 500000 | 11601100386/18/4/2016 |
| 4 | ബിജു കുര്യാക്കോസ് | 8.9.2016 | 60000 | 11601102837/8.9.2016 |
| 5 | തങ്കച്ചൻ എം വി | 1.11.2016 | 27000 | 11601104272/1.11.2016 |
| 6 | അജയൻ സി പി | 23.12.2016 | 150000 | 11601104554/23.12.2016 |
| 7 | ജോജിമോൻ വി അലക്സ് | 31.03.2017 | 900000 | 11601500182/31.03.2017 |
| 8 | ജോജിമോൻ വി അലക്സ് | 31.03.2017 | 25000 | 11601500183/31.03.2017 |
| 9 | വിജിൻ ജോസഫ് | 31.03.2017 | 300000 | 11601500135/31.03.2017ഗ്രാമപഞ്ചായത്തിലെ |
| 10 | ആൻസി രാജു | 31.03.2017 | 300000 | 11601107699/31.03.2017 |

2016 മുതലുള്ള ഡെപ്പോസിറ്റ് രജിസ്റ്ററാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. 2016-17 കൂടാതെ ഇതര വർഷങ്ങളിലും ഇപ്രകാരം ഡെപ്പോസിറ്റ് തുകകൾ അവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കാലാഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച് പരിശോധിച്ച് തുടർ നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-37 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

നഗരസഭ നൽകുന്ന വർക്ക് അഡ്വാൻസുകൾ,താൽകാലിക അഡ്വാൻസുകൾ (കെ.എഫ്.സി അനുഛേദം 99 പ്രകാരമുള്ളത്) എന്നിവ ജി.ഒ (പി)419/2011 ധനം 04.10.2011 പ്രകാരം കൈപ്പറ്റി മൂന്നുമാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത തുകയ്ക്ക് ഒരു വർഷത്തേയ്ക്ക് 18% നിരക്കിൽ പലിശ ഈടാക്കണം. അല്ലെങ്കിൽ മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ 18% പലിശ സഹിതം തിരിച്ചു പിടിക്കണം. നഗരസഭയുടെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ലാത്തതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി (നം 14/10.06.2022) നൽകി. ആയതിന് 15.06.2022 നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

| ക്രമ നം | അഡ്വാൻസ് സ്വീകരിച്ച ആളുടെ/ സ്ഥാപനത്തിന്റെ മേൽവിലാസം | ഉദ്ദേശ്യം | വൗച്ചർ നം | തീയതി | തുക |
|---|---|---|---|---|---|
| 1 | ഹെഡ്മിസ്ട്രസ് , ഗവ എൽ പി എസ് കാലാമ്പൂർ | ഇലക്ട്രിക്ക് ഉപകരണങ്ങൾ റിപ്പയറിംഗ് | 10/9/18 | 06.09.2018 | 10000 |
| 2 | ഉമേഷ് , ജെ എച്ച് ഐ | ഹരിത ബൂത്ത് നിർമ്മാണം | 112/3/21 | 31.3.21 | 3000 |
| 3 | അഞ്ചു തമ്പി,ജെ എച്ച് ഐ ഗ്രേഡ് I | അജ്ഞാത ശവശരീരം മറവ് ചെയ്യൽ | 61/12/21 | 17/12/21 | 8000 |
| ആകെ | | | | | 21000 |

വൗച്ചറുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക 18 % പലിശ സഹിതം തിരിച്ചടക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായി മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

അഡ്വാൻസ് തുക പലിശ സഹിതം തിരിച്ചടക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 ഉപയോഗപ്രദമല്ലാത്ത ബാങ്ക് ലോക്കർ നിലനിർത്തിയിരിക്കുന്നത് സംബന്ധിച്ച്

എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ പിറവം നഗരസഭയുടെ പേരിലുള്ള ബി-48 നമ്പറിലുള്ള ലോക്കറിന്റെ താക്കോൽ നഷ്ടപ്പെട്ടിരുന്നതിനാൽ ഡെപ്യൂട്ടി ചെയർമാന്റെയും അക്കൗണ്ടന്റിന്റേയും സാന്നിദ്ധ്യത്തിൽ ലോക്കർ ബ്രേക്ക് ഓപ്പൺ ചെയ്യുകയും, നഗരസഭ കൗൺസിലിന്റെ 30.05.2019ലെ 18ാം നമ്പർ തീരുമാന പ്രകാരം ബ്രേക്ക് ഓപ്പൺ ചെയ്യുന്നതിനുള്ള ചാർജ്ജായി 5999/- രൂപ എറണാകുളം ജില്ലാ സഹകരണ ബാങ്കിന് നല്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതായും കാണുന്നു. എന്നാൽ ഇതിന്റെ ചെലവ് വിവരങ്ങൾ ഫയലിൽ നിന്ന് ലഭ്യമല്ല. കൂടാതെ ഈ ബാങ്ക് ലോക്കർ നിലനിർത്തേണ്ടതായെന്ന് കമ്മറ്റി തീരുമാനം കൈക്കൊണ്ടിട്ടുമുണ്ട്. ലോക്കറിന്റെ നിലവിലെ സ്ഥിതി വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 50/2019-20 തീയതി 15/6/22 നുള്ള മറുപടിയിൽ ബാങ്ക് ലോക്കർ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ ഇപ്പോഴും നിലനിൽക്കുന്നുവെന്നും, അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനായി കൗൺസിൽ തീരുമാനം കൈക്കൊണ്ട് അപേക്ഷ സർപ്പിച്ചാൽ അക്കൗണ്ട് ക്ലോസ് ചെയ്യാമെന്നും ബാങ്ക് അറിയിച്ചിട്ടുണ്ടെന്നും, അടുത്ത കൗൺസിലിൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്ന വിധത്തിൽ നടപടികൾ സ്വീകരിക്കാമെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. നാളിതുവരെ ഉപയോഗിച്ചിട്ടില്ലാത്ത ഈ ബാങ്ക് ലോക്കർ ക്ലോസ് ചെയ്ത് ഡിപ്പോസിറ്റ് തുക 3000/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

## 1-39 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S003/20 |
| പ്രോജക്ട് | മത്സ്യത്തൊഴിലാളികളുടെ വിദ്യാർഥികളായ മക്കൾക്ക് പഠനോപകരണം |
| നിർവഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ഫണ്ട് | വികസന ഫണ്ട് (പൊതു വിഭാഗം |
| അടങ്കൽ | 39900/- |
| ചെലവ് | 39900/- |
| ബിൽ നം./തിയതി | 182/09.03.2020 |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ 6 വിദ്യാർഥികൾക്ക് മേശയും, കസേരയും വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകളുണ്ട്.

1) ജി. ഒ. (പി) നം. 7/2019/എസ്പിഡി/26.04.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും,, പൊതുമേഖലാ സ്ഥാപനങ്ങളും 25000/- രൂപക്ക് മുകളിലുള്ള സാധനങ്ങളും, സേവനങ്ങളും (GeM) ഗവൺമെന്റ് ഇമാർക്കറ്റ് പ്ലേസ് മുഖേന വാങ്ങേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, 39900/- രൂപ എസ്റ്റിമേറ്റ് തുകയുള്ള മേൽ പ്രോജക്ടിൽ മേശയും, കസേരയും വാങ്ങിയത് നേരിട്ടുള്ള ടെൻഡർ മുഖേനയാണ്.

2) മഹാഗണി, ആഞ്ഞിലി, പ്ലാവ് ഈ മരങ്ങളിലേതെങ്കിലും ഉപയോഗിച്ചുള്ള മേശയും, കസേരയും ലഭ്യമാക്കുന്നതിനാണ് ടെൻഡർ ക്ഷണിച്ചത്. മൂന്ന് സ്ഥാപനങ്ങൾ ടെൻഡറിൽ പങ്കെടുത്തു. കുറഞ്ഞ നിരക്ക് (4980/- രൂപ) രേഖപ്പെടുത്തിയ കീർത്തി മാർക്കറ്റിംഗ്, കാലടി എന്ന സ്ഥാപനം അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് മൂലം സപ്ലൈയിൽ നിന്ന് ഒഴിവാക്കി തരണമെന്ന് അഭ്യർത്ഥിച്ചതിനാൽ ഒഴിവാക്കിയിരുന്നു. രണ്ടാമത്തെ കുറവ് നിരക്ക് (5478/- രൂപ) ടെൻഡർ ചെയ്ത ലാസ്ക ഫർണിച്ചർ, അങ്കമാലി എന്ന സ്ഥാപനം സപ്ലൈയിൽ നിന്നും പിൻമാറുന്നു എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, സപ്ലൈയിൽ നിന്നും പിൻമാറിക്കൊണ്ടുള്ള സ്ഥാപനത്തിന്റെ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. കൂടാതെ, ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ രണ്ട് സ്ഥാപനങ്ങൾ സപ്ലൈയിൽ നിന്നും പിൻമാറിയിട്ടും റിടെൻഡർ നടപടിയും സ്വകരിച്ചില്ല.

3) മൂന്നാമത്തെ സ്ഥാപനമായ മേലങ്ങാടി ടിംബേഴ്സ്, മലപ്പുറം ആഞ്ഞിലി ഉപയോഗിച്ചുള്ള മേശയും, കസേരക്കും 6665/- രൂപയും, മഹാഗണി ഉപയോഗിച്ചുള്ളതിന് 6324/- രൂപയും, പ്ലാവ് ഉപയോഗിച്ചുള്ളതിന്

7859/- രൂപയുമാണ് ടെൻഡർ ചെയ്തത്. ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ, ഇൻവോയ്സ് നം. 87/08.03.2020 പ്രകാരം 39900/- രൂപക്ക് 6 മേശയും, കസേരയും സപ്ലൈ ചെയ്തിട്ടുണ്ട്. മഹാഗണി, ആഞ്ഞിലി, പ്ലാവ് ഈ മരങ്ങളിലേതെങ്കിലും ഉപയോഗിച്ചുള്ള മേശയും, കസേരയും ലഭ്യമാക്കുന്നതിനാണ് ടെൻഡർ ക്ഷണിച്ചത്. ആയതിനാൽ, സ്ഥാപനം സമർപ്പിച്ച ടെൻഡർ പ്രകാരം കുറഞ്ഞ യൂണിറ്റ് ചെലവുള്ള മഹാഗണി ഉപയോഗിച്ചുള്ള 6 മേശയും, കസേരയും 37944/- (6324X6) രൂപക്ക് സപ്ലൈ ചെയ്യേണ്ടതാണ്. ഇപ്രകാരം 1956/- (39900-37944) രൂപ അധികം നൽകിയിട്ടുണ്ട്. മേൽ അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 10/09.06.2022) സബ്സിഡി മാർഗരേഖ പ്രകാരം പഠനോപകരണത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 8000/- രൂപയായിരുന്നു എന്നും, എന്നാൽ Gem-ൽ 8000/- രൂപക്ക് മരത്തിന്റെ മേശയും, കസേരയും ലഭ്യമല്ലായിരുന്നു എന്നുമാണ് മറുപടി നൽകിയത്. രണ്ടാമത്തെ കുറവ് നിരക്ക് ടെൻഡർ ചെയ്ത ലാസ്റ്റ എന്ന സ്ഥാപനം ഗുണനിലവാരം പരിശോധിക്കുന്നതിന് സാംപിൾ ഹാജരാക്കാത്തതിനാലാണ് അവരെ സപ്ലൈയിൽ നിന്നും ഒഴിവാക്കിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, കുറവ് നിരക്കുകൾ ടെൻഡർ ചെയ്ത സ്ഥാപനങ്ങൾ സപ്ലൈയിൽ നിന്നും ഒഴിവായപ്പോൾ റീ ടെൻഡർ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. 28.01.2020ൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ് മഹാഗണി മരത്തെക്കാൾ യൂണിറ്റ് കോസ്റ്റുള്ള ആഞ്ഞിലി മരത്തിന്റെ മേശയും, കസേരയും വാങ്ങാൻ തീരുമാനിച്ചത്. ടെൻഡർ ക്ഷണിച്ച പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമായിരുന്നിട്ടും, ഉയർന്ന നിരക്കുള്ള പഠനോപകരണങ്ങൾ വാങ്ങിയത് ഉചിതമായ നടപടിയല്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ചെലവ് കുറഞ്ഞ രീതിയിൽ പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 ദുരന്ത നിവാരണ സെമിനാർ-ചെലവഴിച്ച തുക കിലയിൽ നിന്ന് ഈടാക്കിയില്ല.

നഗരസഭയിൽ ദുരന്ത നിവാരണ സെമിനാറിൽ വാർഡ് തല പരിശീലനം നടത്തിയതിന്റെ ഭാഗമായി രണ്ട് റിസോഴ്സ് പേഴ്സണിനുള്ള ഹോണറേറിയം, ഭക്ഷണച്ചെലവ് എന്നീയിനത്തിൽ പിറവം നഗരസഭയിൽ നിന്ന് 10400/- രൂപ, ചെക്ക് നം 582401 തീയതി 17.03.2020, 42570/-രൂപ ചെക്ക് നം 582150 തീയതി 17.03.2020 എന്നിങ്ങനെ നല്കിയിട്ടുണ്ട്. കില ഡയറക്ടറുടെ 25.01.2020ലെ കില/ 2020/101/500/HQ നമ്പർ കത്ത് പ്രകാരം പരിശീലനം പൂർത്തിയായതിന് ശേഷം പരിശീലനാർത്ഥികളുടേയും പരിശീലകരുടേയും ഒറിജിനൽ ഹാജർ ലിസ്റ്റ്, ചെലവ് സംബന്ധിച്ച ഒറിജിനൽ വൗച്ചറുകളും ബില്ലുകളും കിലയിലേക്ക് അയച്ചു കൊടുക്കുന്ന മുറയ്ക്ക് ചെലവ് തുക അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് തിരികെ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 15.06.2022 ൽ നല്കിയ 46ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ചെലവ് രേഖകൾ എല്ലാം കിലയിലേക്ക് നല്കിയിട്ടുണ്ടെന്നും തുക ലഭ്യമാക്കുന്നതിനുള്ള കത്ത് വീണ്ടും നല്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക കിലയിൽ നിന്ന് അടിയന്തിരമായി ലഭ്യമാക്കി നഗരസഭയുടെ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-41 തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലാക്കിയില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി3/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററീംങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്നിക്കൽ സഹായം കെ.എസ്.ഇ.ബി നല്കുന്നതും, ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് ചാർജ്ജിനത്തിൽ (230100101) 1902331/-രൂപ നല്കിയതായി കാണുന്നു. നഗരസഭയിലെ തെരുവ് വിളക്കുകൾ മീറ്ററിംങ് സമ്പ്രദായത്തിലേക്ക് പൂർണ്ണമായും മാറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 12.06.2022ൽ നല്കിയ 19ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അടിയന്തര പ്രാധാന്യത്തോടെ നഗരസഭയിലെ തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റേണ്ടതാണ്. പരാതികൾ സംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും വിവരങ്ങൾ അതിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-42 വാഹനങ്ങളുടെ ഉപയോഗം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

നഗരസഭയുടെ കെ.എൽ 7എ- 1719 എന്ന നമ്പറിലുള്ള ലോറി റിപ്പയർ ചെയ്യുന്നതിനായി ലോറി ഡ്രൈവർ 11.06.2019 ൽ നല്കിയ അപേക്ഷയിൽമേലും ഇദ്ദേഹം ഹാജരാക്കിയ പിറവം മോട്ടർ വർക്ക്സ്, പിറവം പി,ഒ എന്ന സ്ഥാപനത്തിന്റെ ബില്ലിനെ അടിസ്ഥാനമാക്കിയും 21.06.2019ൽ 586112ാം നമ്പർ ചെക്ക് പ്രകാരം 22600/-രൂപ നല്കിയിട്ടുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.06.2007 ലെ സർക്കാർ ഉത്തരവ് (എ.എസ്) നം 170/2007 പ്രകാരം വാഹനങ്ങളുടെ റിപ്പയറിംങ് & മെയിന്റനൻസ് സംബന്ധിച്ച് നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2000ലെ മുനിസിപ്പാലിറ്റികളിലെ വാഹന പരിപാലനത്തിനായുള്ള കേരള മുനിസിപ്പാലിറ്റി (മോട്ടർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും )ചട്ടങ്ങളും നിലവിലുണ്ട്. ആയത് അനുസരിച്ച് വാഹനത്തിന്റെ അറ്റകുറ്റപ്പണിക്കുള്ള ചുമതല കസ്റ്റോഡിയൻ ഓഫീസർക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർക്കോ ആണ്. കൂടാതെ 2000/-രൂപ വരെയുള്ള മൈനർ റിപ്പയർ വർക്കുകൾ അദ്ധ്യക്ഷന്റെ അനുമതിയോടെ ചെയ്യാവുന്നതാണ്. 2000/-രൂപ മുതൽ 10000/-രൂപ വരെയുള്ള റിപ്പയറിംങ് & മെയിന്റനൻസ് ക്വട്ടേഷൻ മുഖേന നടത്താവുന്നതാണ്. 10000/-രൂപയ്ക്ക് മേൽ വരുന്ന ചെലവുകൾ അദ്ധ്യക്ഷനോ, എഞ്ചിനീയറോ പ്രതീക്ഷിത ചെലവ് കണക്കാക്കി ക്വട്ടേഷൻ മുഖേന മാത്രം ചെയ്യേണ്ടതാണ്. കൂടാതെ ഓരോ വർഷവും വാഹനത്തിന്റെ ഇന്ധന ക്ഷമത സർട്ടിഫിക്കറ്റ് ലോഗ് ബുക്കിനൊപ്പം ഹാജരാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. നഗരസഭ കമ്മറ്റിയുടെ തീരുമാനം ഇല്ലാതെയാണ് മേൽ പ്രവ്യത്തി നടത്തിയിട്ടുള്ളത്. മേൽ പരാമർശിച്ചിട്ടുള്ള നടപടി ക്രമങ്ങൾ മേൽ വാഹനത്തിന്റെ റിപ്പയറിംങ് & മെയിന്റനൻസ് സംബന്ധിച്ച് സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നും,കൂടാതെ ധന വകുപ്പിന്റെ 31.03.2008 ലെ സർക്കാർ ഉത്തരവ് നം 161/2008 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സ്ഥാപനത്തിൽ സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ട് 14.06.2022 ൽ നല്കിയ 36ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ചെലവ് നടത്തിയത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ചട്ടങ്ങൾ പാലിക്കാതെ പ്രസ്തുത ചെലവ് നടത്തിയതിന് വ്യക്തമായ വിശദീകരണം നല്കുന്നകുന്നത് വരെ ഇതിനായി ചെലവഴിച്ച 22600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-43 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ- ഉപകരണങ്ങളുടെ സ്റ്റോക്ക് ,വിതരണ വിവരങ്ങളില്ല.

പ്രോജക്ട് നമ്പർ-144/20 (S.O)

അടങ്കൽ-300000/-( വികസനഫണ്ട് -ജനറൽ)

ചെലവ്-294015/-(ബിൽ -2/2019-20 Rs.294015/-- C/o 29/07/2019 )

നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ

പിറവം നഗരസഭയിലെ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും 294015/- രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ , കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ് ,പാലക്കാട് എന്നിവിടങ്ങളിൽ നിന്നുമാണ് സഹായ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

ഇൻവോയ്സ് നമ്പർ 286/2019 Dtd 12.08.2019 പ്രകാരം

1. ഹിയറിംഗ് എയ്ഡ് -12 Nos @ Rs.104280/-

2.പെഗ് ബോർഡ് -1 Nos @ Rs.1674.25/-

3.നീ ബ്രേസ് - 1 Nos @ Rs.1849.05/-

4.ഫോൾഡിംഗ് വാക്കർ-2 Nos @ Rs.3517.50/-

5.എ.എഫ്.ഒ -2 Nos @ Rs.1904.70/-

6.അക്കോമോഡേറ്റീവ് ഫുട് വെയർ-2 Nos @ Rs.2788.80/-

എന്നിങ്ങനെ 116015/- രൂപ വിലവരുന്ന ഉപകരണങ്ങൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നമ്പർ PKDBC/6000312 Dtd 09/08/2019 പ്രകാരം 178000/- രൂപ വില വരുന്ന രണ്ട് ഇലക്ട്രോണിക് വീൽ ചെയറുകൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ് ,പാലക്കാട് എന്നിവിടങ്ങളിൽ നിന്നുമാണ് വാങ്ങിയത്.പദ്ധതി ഫയൽ പരിശോധിച്ചതിൽ Rs.1904.70/- രൂപ വിലവരുന്ന എ.എഫ്.ഒ -2 Nos, Rs.2788.80/- വില വരുന്ന അക്കോമോഡേറ്റീവ് ഫുട്വെയർ-2 Nos എന്നിവയൊഴികയുള്ള ഉപകരണങ്ങൾ മാത്രമാണ് സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ലഭിച്ചതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങളൊന്നും ഹാജരാക്കിയില്ല. ഗുണഭോക്താക്കളുടെ അപേക്ഷകളോ അനുബന്ധ രേഖകളോ ഫയലിനൊപ്പമില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം- 35 Dtd 14/06/2022) ബാക്കി ഉപകരണങ്ങൾ ലഭിച്ചതായോ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതായോ ഉള്ള രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതിയിൽ ചെലവഴിച്ച 294015/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-44 പട്ടികജാതി വീട്ടുകൾക്ക് കുടിവെള്ള കണക്ഷൻ- ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

നഗരസഭയിലെ പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതി പ്രകാരം 2019-20 ൽ 5 കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രീ.കെ.വി തങ്കപ്പൻ, കണിയാംപറമ്പിൽ, കളമ്പൂർ പി.ഒ എന്ന ഗുണഭോക്താവിന് 8500/-രൂപ സബ്സിഡി നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്താവിന്റെ അപേക്ഷയോ ചെലവിന്റെ വൗച്ചറുകളോ വാട്ടർ കണക്ഷൻ എടുത്തതിന്റെ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 12 /2019-20 തീയതി -12.06.2022 നൽകിയെങ്കിലും ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ചെലവിന്റെ വിശദാംശങ്ങളുടെ അഭാവത്തിൽ പദ്ധതിയിലെ 8500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 ക്യാൻസർ നിർണ്ണയക്യാമ്പ്-ചെലവുരേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട്നം-105/20

നിർവ്വഹണം - മെഡിക്കൽ സൂപ്രണ്ട് ,താലൂക്ക് ആശുപത്രി

അടങ്കൽ- 100000/-

ചെലവ്-99910/- -

ചെലവ് -ബിൽ നം-23/2019-20 Rs.36,310/- Dtd 16/01/2020

ചെലവ് -ബിൽ നം-31/2019-20 Rs.63,600 Dtd 12/03/2020

നഗരസഭ താലൂക്ക് ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ക്യാൻസർ നിർണ്ണയ ക്യാമ്പ് പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 99,910/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 63,600/-രൂപ ബോധവത്ക്കരണത്തിനും 36,310/-രൂപ രോഗനിർണ്ണയ പ്രവർത്തനങ്ങൾക്കുമായാണ് ചെലവഴിച്ചത്. ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി നോട്ടീസ് പ്രിന്റിംഗിന് 10300/-, ഇന്ധന ചെലവായി 11300/- രൂപ ക്യാമ്പിൽ എത്തിയ ആളുകളുടെ റിഫ്രഷ്മെന്റ് ചെലവുകൾക്കായി 42000/-രൂപ എന്നിങ്ങനെയാണ് തുക ചെലവഴിച്ചത്. പദ്ധതിയുടെ പ്രധാനഭാഗമായ രോഗനിർണ്ണയ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച 36,310/-രൂപയുടെ ചെലവിന്റെ വിശദാംശങ്ങളോ ചെലവുരേഖകളോ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങളോ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇക്കാര്യങ്ങളിലെ വിശദവിവരങ്ങളും ചെലവിന്റെ രേഖകളും ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നമ്പർ 48/19-20 തിയതി 10.6.2022) നൽകിയെങ്കിലും രേഖകളോ മറുപടിയോ ഹാജരാക്കിയില്ല. ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട് രേഖകളൊന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതി പ്രകാരം ചെലവഴിച്ച 36,310/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-46 കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം,പേര് | 08/20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. |

| | |
|---|---|
| അടങ്കൽ,ഫണ്ട് | 625000 |
| ബിൽ നം, തീയതി ,ചെലവ് | 01/20.03.05.2019, 312500<br>04/21,23.04.2020,312500 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പിറവം നഗരസഭയിലെ കന്നുകാലികളെ സംരക്ഷിക്കുന്നതിന്, മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി നഗരസഭയുടെ പദ്ധതി വിഹിതം കൈമാറുന്നതിന് വേണ്ടി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. 4-6 മാസം പ്രായമുള്ള കന്നുകുട്ടികളുടെ ഉടമസ്ഥരായ ഗുണഭോക്താക്കളെ വാർഡ് സഭ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. 4 മാസം മുതൽ പ്രസവിക്കുന്നതു വരെയോ അല്ലെങ്കിൽ 32 മാസം പ്രായമാകുന്നതു വരെയോ (ഏതാണ് നേരത്തെ) ആണ് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ഒരു ഗുണഭോക്താവിന് 6250/-രൂപ നഗരസഭ വിഹിതവും 6250/-രൂപ മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതവുമാണ് (ഒരാൾക്ക് ആകെ സബ്സിഡി 12500). 50 ഗുണഭോക്താക്കൾക്ക് ക്ഷീരസഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. മേൽ ബില്ലുകൾ പ്രകാരം 625000/-രൂപ പിൻവലിച്ച് പ്രോജക്ട് ഓഫീസർ, എസ് എൽ ബി പി, ആലുവ യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റിയതിന്റെ രശീത്, മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം ചില മാസങ്ങളിൽ എല്ലാവരും കാലിത്തീറ്റ വാങ്ങിയിട്ടില്ല. 30.05.2020ൽ ആരംഭിച്ച് 25.10.2021ൽ പ്രോജക്ട് അവസാനിച്ചതായും കാണുന്നു . ഇവർ പദ്ധതിയിൽ നിന്നും ഒഴിവായി പോയവരാണെങ്കിൽ പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടതും ഈ ഗുണഭോക്താക്കളുടെ സബ്സിഡി തുക എസ് എൽ ബി പി പ്രോജക്ട് ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതുമായിരുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമായിരുന്നു. എന്നാൽ അത്തരത്തിലൊരു വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല കൂടാതെ രജിസ്റ്റർ പ്രകാരം 609065.50/-മാത്രമേ ഈ പദ്ധതിയ്ക്ക് ചെലവ് വന്നിട്ടുള്ളൂ. 15934.50/-രൂപ ഇപ്പോഴും പ്രോജക്ട് ഓഫീസർ, എസ് എൽ ബി പി, ആലുവയുടെ അക്കൗണ്ടിൽ കിടക്കുന്നുണ്ട്.തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അപാകതകൾക്ക് വിശദീകരണവും നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 11.06.2022 ൽ നല്കിയ 20ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രോജക്ട് ഓഫീസറർ ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് ഓഫീസർ, എസ് എൽ ബി പി, ആലുവയിൽ നിന്ന് ലഭ്യമാക്കുവാനുള്ള 15934.50/-രൂപ യിൽ 5000 രൂപ ട്രെയിനിംഗിനായി നൽകിയതാണെന്നും ബാക്കി 10934.50/- രൂപ മാത്രമാണ് തിരികെ ഈടാക്കുന്നതിനുള്ളതെന്നും അറിയിച്ചിട്ടിട്ടുണ്ട് എന്നാൽ 5000/-രൂപയുടെ വൌച്ചറുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല, തുക ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പരാമർശത്തിലെ മറ്റ് അപാകതകൾ ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 ശുചിത്വമിഷൻ ഫണ്ട് -ചെലവ് രേഖകൾ ഹാജരാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു.

നഗരസഭയുടെ 27 വാർഡുകളിലും മഴക്കാല പൂർവ്വ ശുചീകരണത്തിനായി 11.06.2019 ൽ 075164 ാം നമ്പർ ചെക്ക് പ്രകാരം , 135000/-രൂപ തനത് ഫണ്ടിൽ നിന്നും ,02.05.2019 ലെ ജി.ഒ (ആർ.ടി) നം 923/2019/LSGDഉത്തരവ് പ്രകാരം ലഭിച്ച 270000/- രൂപയുമുൾപ്പെടെ (689721 തീയതി 11.06.2019) 405000/-രൂപ നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർക്ക് നല്കിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 14.06.2022 ൽ നല്കിയ 37ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്ന് ചെലവ് രേഖകൾ ഹാജരാക്കാമെന്നാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 405000/- രൂപ യുടെ ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു.

## 1-48 ഇ ടെണ്ടർ ഫീസ് - അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല

മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ പിറവം ടൗൺ ശാഖയിലുള്ള എസ്.ബി അക്കൗണ്ടിലാണ് (അക്കൗണ്ട് നം. 67330451870) ഇ- ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ 10.3.2017 മുതൽ 3.12.21 വരെ ടി ഇനത്തിൽ വരവ് വന്ന 209897/-രൂപ 3.12.21 ൽ നഗരസഭാ ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തീയതിയിൽ അക്കൗണ്ടിൽ 55239/-രൂപ നീക്കിയിരുപ്പുണ്ട്. അസി.എഞ്ചിനിയർ ക്യാഷ് ബുക്ക് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക

അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തവുമല്ല. പലിശയ്ക്ക് പുറമേ ടി അക്കൗണ്ടിൽ നീക്കിയിരുപ്പായുള്ള തുകയുടെ വിവരം വ്യക്തമാക്കേണ്ടതും, തനത് ഫണ്ടിലേയ്ക്ക് മാറ്റാവുന്ന തുക തനത് ഫണ്ടിലേയ്ക്ക് മാറ്റേണ്ടതുമാണ്. ഇ ടെണ്ടർ ആവശ്യത്തിനായി കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാലിവിടെ സേവിംഗ്സ് അക്കൗണ്ടാണ് ഉപയോഗിക്കുന്നത്.

പ്രസ്തുത അക്കൗണ്ടിൽ 26.10.2017 ൽ 500000/- രൂപ വരവ് വന്നതിൽ 480000/- രൂപ (29.11.2018 ൽ) യാണ് ചെലവുള്ളതായി കാണുന്നത്. ടി തുകയുടെ ഉദ്ദേശവും, ഫണ്ട് വിവരവും വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/14.6.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർത്തിൻമേൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-49 മുൻകൂർ അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല .

നഗരസഭയുടെ പരിധിയിൽ വരുന്ന പിറവം ഗവൺമെന്റ് എച്ച്.എസ്.എസിന് വാട്ടർ ടാങ്ക് വാങ്ങുന്നതിനായി 11.06.2019 ൽ 689725 ാം നമ്പർ ചെക്ക് പ്രകാരം 10000/-രൂപ പ്രിൻസിപ്പാളിന് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുക നല്കിയിട്ടുള്ളതിന് ചെലവ് അനുവാദം നല്കിയിട്ടുള്ള കൗൺസിൽ തീരുമാനം ഹാജരാക്കേണ്ടതാണ്. കൂടാതെ ഈ തുക ക്രമീകരിച്ചതിന്റെ വിവരവും ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. ആയുർവേദ ആശുപത്രിയിലെ തുണികളുടെ വാഷിംങ് ചാർജായി 16.08.2019 ൽ 586556 ാം നമ്പർ ചെക്ക് പ്രകാരം 16900/-രൂപ മെഡിക്കൽ ഓഫീസർക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുക അനുവദിച്ചതിന് സാധൂകരിക്കുന്ന ബില്ലോ, മെഡിക്കൽ ഓഫീസറുടെ അപേക്ഷയോ, തുക കൈപ്പറ്റിയതിന്റെ വിവരമോ ഫയലിൽ നിന്ന് ലഭ്യമല്ല. ആയതിന്റെ വിവരവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 14.06.2022ൽ നല്കിയ 39ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയോ, രേഖകളോ ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്തിട്ടുള്ള 26900/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-50 വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | : 288/18, 217/20 |
| പ്രോജക്ടിന്റെ പേര് | : വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | : റിസ് സാഫ് ലൈറ്റിംഗ് സൊല്യൂഷൻസ് |
| പ്രവൃത്തിമൂല്യം | : 468900/- (എസ്.സി.പി) |
| ബിൽ നം. | : 8197/20.1.20 |

നഗരസഭയുടെ 2017-18 വാർഷിക പദ്ധയിയിലുൾപ്പെടുത്തിയ പ്രസ്തുത പദ്ധതി പ്രകാരം ആനക്കാവ് കോളനി, ഹരിജൻ സെറ്റിൽ മെന്റ് കോളനി എന്നിവിടങ്ങളിലെ 4 വാർഡുകളിലായി 4 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതി നിർവ്വഹണം നടത്തിയ റിസ് സാഫ് ലൈറ്റിംഗ് സൊല്യൂഷൻസ്, തൊടുപുഴ എന്ന സ്ഥാപനത്തിന് കരാർ പ്രകാരമുള്ള തുകയും നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുള്ളതായി കാണുന്നു.

1.ടെണ്ടർ നടപടി വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

2.2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ടി പദ്ധതി പൂർത്തീകരിച്ച് സ്ഥാപനം ബിൽ ഹാജരാക്കിയിട്ടുള്ളത് 27.07.2019 ലാണ്. സ്ഥാപനത്തിന്റെ പേരിൽ ചമച്ചിട്ടുള്ള കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. 2018 എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പൂർത്തീകരണത്തിലെ കാലതാമസ ത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3. പ്രവൃത്തി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലൈറ്റുകളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. കെ.എസ്.ഇ.ബി കണക്ഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള നിരക്കാണ് കരാറിൽ ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഇത്തരത്തിൽ കണക്ഷൻ ചാർജ്ജ് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

5. ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ നിർദ്ദേശത്തിൽ (ജി.ഒ(പി).27/2017/ധനം. തീയതി 26.2.17, സർക്കുലർ നം. 60/2018/ധനം/2.7.2018) സ്ഥാപിക്കുന്ന ലൈറ്റുകൾക്ക് 3 വർഷത്തെ വാറന്റി ഉണ്ടായിരിക്കേണ്ടതാണെന്നും, വാറന്റിയ്ക്കുശേഷം 3 വർഷത്തെ എ.എം.സി എടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ വാറന്റി സംബന്ധിച്ച യാതൊരു വിവരവും ഫയലിലോ, കരാറിലോ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ലൈറ്റ് സ്ഥാപിക്കുന്ന സ്ഥലത്ത് നിലവിൽ തെരുവ് വിളക്കുകൾ ഉള്ള പക്ഷം ആയത് റദ്ദാക്കേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള നടപടി ക്രമങ്ങളൊന്നും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.45/15.6.22) നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതും, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-51 ഫോഗിംഗ് മെഷിൻ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S074/20 |
| പ്രോജക്ട് | ഫോഗിംഗ് മെഷിൻ വാങ്ങൽ |
| നിർവഹണം | ഹെൽത്ത് ഇൻസ്പെക്ടർ |
| ഫണ്ട് | വികസന ഫണ്ട് (പൊതു വിഭാഗം) |
| അടങ്കൽ | 75000/- |
| ചെലവ് | 75000/ |
| ബിൽ നം./തിയതി | 9/11.03.202 |

സ ഉ (പി) നം.2/2018 എസ് പി ഡി തീയതി 28.04.2018, സ ഉ (പി) നം.7/2019 എസ് പി ഡി തീയതി 26.04.2019 എന്നിവ പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലെയ്സിൽ നിന്ന് നടത്തേണ്ടതാണ് എന്ന നിർദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ സൂചിപ്പിച്ച പദ്ധതിയിൽ എറണാകുളം ഡിസ്ട്രിക്ട് ഹോൾസെയ്ൽ കോ ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് സ്റ്റോർ ലിമിറ്റഡിൽ നിന്ന് ടെൻഡർ നടപടി കൂടാതെ നേരിട്ട് മെഷിൻ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. സർക്കാർ നിർദേശം പാലിക്കാതെ ഫോഗിംഗ് മെഷിൻ വാങ്ങിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 41/15.06.2022) സഹകരണ വകുപ്പിന്റെ 05.04.2019ലെ സ. ഉ. (കൈ) 17/2019 നമ്പർ ഉത്തരവ് പ്രകാരമാണ് ഫോഗിംഗ് മെഷിൻ എറണാകുളം ഡിസ്ട്രിക്ട് ഹോൾസെയ്ൽ കോ ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് സ്റ്റോർ ലിമിറ്റഡിൽ നിന്ന് നേരിട്ട് വാങ്ങിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ കൺസ്യൂമർ ഫെഡിൽ നിന്നും നിത്യോപയോഗ സാധനങ്ങളും, സ്റ്റേഷനറിയും ടെൻഡർ കൂടാതെ വാങ്ങുന്നതിനാണ്പ്രസ്തുത ഉത്തരവ് പ്രകാരം അനുമതി നൽകിയിരിക്കുന്നത്. ആയതിനാൽ, വാങ്ങലുകളിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണെന്ന കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-52 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് (ടി ആർ 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(3) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

(iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല.

(7)ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/10.6.22)നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സോളാർ ലൈറ്റ് സ്ഥാപിക്കൽ - 25040/- രൂപയുടെ അധിക ചെലവ്- ഇതര അപാകതകൾ

നഗരസഭ നടപ്പാക്കിയ സോളാർ ലൈറ്റ് സ്ഥാപിക്കൽ പ്രൊജക്ടിന്റെ കരാറുകാരനെ തിരഞ്ഞെടുത്തതിലും തുക നൽകിയതിലും പ്രൊജക്ട് മോണിറ്ററിംഗിലും അപാകതകൾ സംഭവിച്ചു. അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( നം 46/15/06/2022) നൽകി. ആയതിന് 16//06/2022 ന് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | S0186/19-20 (സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | സോളാർ ലൈറ്റ് സ്ഥാപിക്കൽ |
| എസ്റ്റിമേറ്റ് തുക | 490050/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് / ബിൽ നം | 490050/- 145/20-21, 24.01.2020, 115/20-21,11.12.2019 |
| കരാറുകാരൻ | ഗ്രീൻ റൂഫ് സോളാർ പ്രൈവറ്റ് ലിമിറ്റഡ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

നഗരസഭയിലെ വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിന് 20.10.2018 ലെ 111/2018-19 നം ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഗ്രീൻ റൂഫ് സോളാർ, കാക്കനാട് എന്ന സ്ഥാപനത്തെയാണ് പ്രൊജക്ട് നിർവ്വഹണത്തിന് തിരഞ്ഞെടുത്തത്. പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.സോളാർ ലൈറ്റ് (18 വാട്ട് ) സ്ഥാപിക്കലിന് ലഭിച്ച ടെണ്ടറുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ടെണ്ടർ സമർപ്പിച്ച തീയതി | രേഖപ്പെടുത്തിയ നിരക്ക് | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഗ്രീൻ റൂഫ് സോളാർ, കാക്കനാട് | 21.10.2018 | 17885 | എല്ലാ നികുതികളും ഇൻസ്റ്റലേഷൻ ചാർജ്ജും ഉൾപ്പെടുത്തി ലംപ്സം രീതിയിലാണ് തുക രേഖപ്പെടുത്തിയിട്ടുള്ളത്. |
| 2 | എഡിസൺ ഇലക്ട്രോണിക്സ് , തിരുവാങ്കുളം | 21.10.2018 | 29100 | നികുതികൾ ഉൾപ്പെടെ |
| 3 | ഉഷ ഇലക്ട്രോണിക്സ് , പാലക്കാട് | 21.10.2018 | 22499 | നികുതികൾ ഉൾപ്പെടെ |

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഗ്രീൻ റൂഫ് സോളാറിന്റെ ടെണ്ടർ അംഗീകരിച്ച് 111/2018-19 പ്രകാരം വർക്ക് ഓർഡർ നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തിരഞ്ഞെടുക്കുന്നതിന് അനുബന്ധമായി സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

(A) ടാബുലേഷൻ ടേബിൾ

(B)സ്ഥാപനത്തെ തിരഞ്ഞെടുത്ത നഗരസഭ കമ്മറ്റി തീരുമാനം

(C)വർക്ക് ഓർഡർ

പ്രസ്തുത രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

2.നഗരസഭയുടെ 27 വാർഡുകളിൽ ഓരോന്ന് എന്ന കണക്കിൽ 27 സോളാർ ലൈറ്റുകൾ വാങ്ങുന്നതിന് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നത്. എന്നാൽ ഗ്രീൻ റൂഫ് സോളാർ 26 ലൈറ്റുകൾ നൽകിയതായും സ്ഥാപിച്ചതായുമാണ് കാണുന്നത്. എന്നാൽ താഴെ പറയുന്ന രേഖകൾ/ വിശദ വിവരം ലഭ്യമാക്കിയില്ല.

(A)സോളാർ ലൈറ്റ് സ്ഥാപിച്ച വാർഡുകളുടേയും സ്ഥാപിക്കാത്തവയുടേയും വിവരം.

(B) സ്റ്റോക്ക്/വിതരണ രജിസ്റ്റർ

3.പ്രൊജക്റ്റിന് താഴെ പറയും പ്രകാരം അധിക തുക ചെലവഴിച്ചു.

| ബിൽ നം,വാറന്റി/ഇൻസ്റ്റലേഷൻ നം | ലൈറ്റുകളുടെ എണ്ണം | ബിൽ പ്രകാരമുള്ള തുക | ചെലവഴിക്കാവുന്ന തുക | ചെലവഴിച്ച തുക (ബില്ലിൽ നിന്നും പരിമിതപ്പെടുത്തി നൽകിയ തുക) | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| GSPLGST/22/19-20/ 29.10.2019 | 26 | 494771 | 465010 | 490050 | 25040 |

അധികം ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ തുക | 465010 | 490050 | അധികം |
| ജി എസ് റ്റി | 9300 | 9801 | 501 |
| ആദായ നികുതി | 9300 | 9801 | 501 |
| കരാറുകാരൻ | 446410 | 470448 | 24038 |

ഇപ്രകാരം 501 രൂപ വിതം ജി എസ് റ്റി,ആദായ നികുതി എന്നിവ അധികം അടച്ചതായും കരാറുകാരന് 24038/- രൂപ അധികം നൽകിയതായും കാണുന്നു. ജി എസ് റ്റി, ആദായ നികുതി എന്നിവയിൽ അധികമായി അടച്ച തുക കരാറുകാരന് റീഫണ്ടായി ലഭിക്കുന്നതാണ്. അതിനാൽ അധികമായി പിൻവലിച്ച 25040/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

4.നഗരസഭയും ഗ്രീൻ റൂഫ് സോളാറും തമ്മിൽ 27.02.2019ൽ ഒപ്പ് വെച്ച 60 (A) AE/LSGD/PVMനം കരാർ പ്രകാരം ലൈറ്റുകൾക്ക് 2 വർഷവും ബാറ്ററികൾക്ക് 30 മാസവും വാറന്റി ഉണ്ട്. എന്നാൽ നഗരസഭയുടെ 24/12/2020,8 /11/21 തീയതികളിലെ കത്തുകളിലെ രേഖപ്പെടുത്തൽ പ്രകാരം പല ലൈറ്റുകളും പ്രവർത്തിക്കുന്നില്ലാത്തതായും ഇക്കാര്യം മേൽ കത്തുകളിലൂടെയും ഇ - മെയിൽ മുഖാന്തിരവും ഗ്രീൻ റൂഫിനെ അറിയിച്ചിട്ടും അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ലാത്തതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ലൈറ്റുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നതായാണ് അറിയിച്ചത്.

5.പ്രൊജക്റ്റിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

അധികമായി ചെലവഴിച്ച 25040/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 ചേറാലിപ്പടി പുളിക്കപ്പടി റോഡ് ടാറിംഗ് , കോൺക്രീറ്റിംഗ് - കരാറുകാരന് അധിക തുക നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ | : 130/20 |
| പ്രോജക്ടിന്റെ പേര് | : ചേറാലിപ്പടി പുളിക്കപ്പടി റോഡ് ടാറിംഗ് , കോൺക്രീറ്റിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | : കെ.എ.സാബു (എസ്റ്റിമേറ്റ് നിരക്ക്) |
| എം.ബുക്ക് | : 28/18-19 |
| പ്രവൃത്തിമൂല്യം | : 422348/- |
| ബിൽ നം. | : 840/07.05.19 |

1) എസ്റ്റിമേറ്റിൽ നിരക്ക് നിശ്ചയിച്ച നൽകിയതിലെ അപാകത മൂലം അധിക ചെലവ്.

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 3(1) പ്രകാരം

Earth Work In Excavation By Mechanical Means / Manual Means In Foundation Trenches Or Drains ... എന്ന ഇനമാണ് ചെയ്തിട്ടുള്ളത്. ടി ഇനത്തിന് 2532.61 രൂപ / $M^3$ എന്ന നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി തുക നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്ക് 253.261 രൂപ / $M^3$ ആണ്. ( 10 $M^3$ ന് കണക്കാക്കിയ നിരക്ക് $M^3$ ലേയ്ക്ക് ക്രമീകരിക്കാതിരുന്നതു മൂലമാണ് പ്രസ്തുത അപാകത ഉണ്ടായിട്ടുള്ളത്) തെറ്റായി നിരക്ക് നിർണ്ണയിച്ചത് മൂലം 19147/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

ചെയ്ത പ്രവൃത്തിയുടെ അളവ് - 8.40 $M^3$

നൽകാവുന്ന തുക - 8.40 $M^3$ X 253.261 / $M^3$ = 2147/-

നൽകിയ തുക = 21274/-

അധികം നൽകിയത് = 21274 - 2147 = 19147/- രൂപ

2) അളവ് രേഖപ്പെടുത്തിയതിലെ അപാകത- അധിക തുക ചെലവഴിക്കപ്പെട്ടു.

പ്രസ്തുത പ്രവൃത്തിയുടെ അളവ് ബുക്ക് പേജ് 23 പ്രകാരം ഇനം 3-14 ആയി Construction Of Subgrade & Earthern Shoulders With Approved Material Obtained From Borrow Pits.... എന്ന ഇനം പ്രവൃത്തി 4.45 $M^3$ ( 98.90x0.30x0.15) ചെയ്തതായുള്ള അളവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ പ്രസ്തുത അളവ് പേജ് 31 ലും, 33 ലും രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയതു മൂലം ടി ഇനത്തിൽ ഇരട്ടിപ്പുണ്ടായിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ

അനുവദനീയമായ തുക = 4.45 $M^3$ X 455.17 / $M^3$ = 2026/-

ടി ഇനത്തിന് നൽകിയ തുക = 4052/-

അധികം നൽകിയത് = 2026/- രൂപ

കരാറുകാരന് ആകെ അധികമായി നൽകിയ തുക 21173/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, കരാറുകാരന് അധികം നൽകിയ 21173/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.47/15.6.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകത ബോദ്ധ്യപ്പെട്ടതായും ടി തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 3-3 ക്രമവിരുദ്ധമായി തുക ചെലവഴിച്ചു.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 283(6) പ്രകാരം “ ഈ ആക്ടിലും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലും മറ്റ് നിയമങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള മുനിസിപ്പാലിറ്റിയുടെ ചുമതലകളുമായി

നേരിട്ട് ബന്ധമില്ലാത്ത ഒരു ആവശ്യത്തിനായി ഏതെങ്കിലും ചെലവോ ധനസഹായമോ ഗ്രാന്റോ സർക്കാർ നിശ്ചയിച്ചിട്ടുള്ള വാർഷിക പരിധിയിൽ കൂടുതലായി മുനിസിപ്പാലിറ്റി ചെയ്യുവാൻ പാടില്ലാത്തതാണ് " എന്ന് നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.08.2000 ലെ സർക്കാർ ഉത്തരവ് (പി)നം 247/2000 പ്രകാരം സർക്കാരിൽ നിന്നുള്ള നികുതി വിഹിതമുൾപ്പെടെ മുൻവർഷത്തെ അതിന്റെ തനത് വരുമാനത്തിന്റെ 1% അല്ലെങ്കിൽ 72000/- രൂപ (ഏതാണോ അധികമെങ്കിൽ അത്)ചെലവഴിക്കാമെന്ന് നിർദ്ദേശിക്കുന്നുണ്ട്. മുനിസിപ്പാലിറ്റിയുടെ അസാധാരണ ചെലവുകളിൽ അവാർഡ് വിതരണമോ, പ്രൈസ് മണി വിതരണം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. എന്നാൽ നഗരസഭയുടെ പരിധിയിൽ 2019 വർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ 124 കുട്ടികൾക്ക് 1001/- രൂപ നിരക്കിൽ മെരിറ്റോറിയസ് അവാർഡ് എന്ന നിലയ്ക്ക് 124124/- രൂപ നഗരസഭയിൽ നിന്ന് 29.08.2019 ൽ 586401ാം നമ്പർ ചെക്ക് മുതൽ 586524ാം നമ്പർ ചെക്ക് വരെ നല്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള അവാർഡ് വിതരണമോ, പ്രൈസ് മണിയോ നഗരസഭയ്ക്ക് സംഭാവനയായി സ്വീകരിച്ചോ സ്പോൺസർഷിപ്പിലൂടേയോ സംഘടിപ്പിച്ച് നല്കാവുന്നതാണ്. എന്നാൽ തനത് ഫണ്ടിൽ നിന്ന് നേരിട്ട് ഉപയോഗിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള ചെലവിന് സർക്കാർ സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 15.06.2022 ൽ നല്കിയ 44ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നഗരസഭ ചെയർപേഴ്സണന്റെ 17.01.2017 ലെ കത്ത് പ്രകാരം പിറവം നഗരസഭ 2017-18 വാർഷിക പദ്ധതിയിൽ പെടുത്തി നടപ്പിലാക്കിയിരുന്ന പ്രോജക്ടുകളായ സമ്മർ കോച്ചിംങ് ക്യാമ്പ്, സ്വാതന്ത്ര്യദിനാഘോഷവും, എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്ക് അവാർഡ് നല്കുന്നതിനുള്ള അനുമതിക്കും, ആയത് തുടർന്ന് പോരുന്നതിനുമുള്ള അനുമതി ലഭ്യമാക്കണമെന്നും സൂചിപ്പിച്ച് കൊണ്ട് കോർഡിനേഷൻ കമ്മറ്റിക്ക് നല്കിയ കത്തിന് മറുപടിയായി സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ 01.02.2017 ലെ 3(9) തീരുമാന പ്രകാരം പ്രോജക്ടിൽ ഓണറേറിയം, ക്യാഷ് അവാർഡ് എന്നിവ തനത് ഫണ്ടിൽ നിന്ന് ഉപയോഗിക്കാമെന്ന നിബന്ധനയോടെ അനുമതി നല്കിയിട്ടുള്ളതും ആയത് പ്രകാരം തുടർന്നുള്ള വർഷങ്ങളിലും ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും അറിയിച്ചുകൊള്ളുന്നുവെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ 5.7 പ്രകാരം പ്രോജക്ടിലുൾപ്പെടുത്തി പണമായി നല്കരുതെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്തിട്ടുള്ള 124124/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 കഴുന്നാട്ട് മലപ്പടി കൊമ്പനാമല റോഡ് റീടാറിംഗ് - അധിക തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | : 59/19 |
| പ്രോജക്ടിന്റെ പേര് | : കഴുന്നാട്ട് മലപ്പടി കൊമ്പനാമല റോഡ് റീടാറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | : ലിബിൻ ബേബി (0.1% കുറവ്) |
| എം.ബുക്ക് | : 38/18-19 |
| പ്രവൃത്തിമൂല്യം | : 397410/- |
| ബിൽ നം. | : 2952/26.7.19 - 398408/- |

പ്രസ്തുത പ്രവൃത്തിയുടെ അളവ് ബുക്ക് പ്രകാരമുള്ള ആകെ മൂല്യം 397808/- രൂപയാണ്. ടി തുകയിൽ നിന്നും 0.1% ടെണ്ടർ കുറവ് വരുത്തിയ ശേഷമുള്ള 397410/- രൂപയാണ് ആകെ ചെലവഴിക്കാവുന്നത്. എന്നാലിതിനു പകരം അളവ് ബുക്കിലെ പ്രവൃത്തിമൂല്യം തെറ്റായി രേഖപ്പെടുത്തിയത് മൂലം 398408/- രൂപയാണ് പിൻവലിച്ചിട്ടുള്ളത്. അധികമായി പിൻവലിച്ച 998/- രൂപ തിരികെ ഈടാക്കിയിട്ടുള്ള പക്ഷം ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/14.6.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി നൽകിയ 998/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്കിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ജല അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (എസ്.114/20) | 630000/- | 578045 | 51955/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പ തിരിച്ചടവ്

നഗരസഭയുടെ വായ്പാബാധ്യതകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ നിന്നും ലഭിക്കുന്നില്ല. മുൻവർഷത്തെ (2018-19) ബാലൻസ് ഷീറ്റ് പ്രകാരം ബാങ്ക് വായ്പ (ഇ.എം.എസ്) -3338665/- രൂപ, ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ (ഹഡ്കോ)-11240000/- രൂപ, കെ.യു.ആർ.ഡി.എഫ്.സി ലോൺ -683458/- രൂപ എന്നിങ്ങനെ ആകെ 1,52,62,123/- രൂപയാണ് വായ്പ ബാധ്യതയായി രേഖപ്പെടുത്തിയിരുന്നത്. ഇതിൽ കെ.യു.ആർ.ഡി.എഫ്.സി ലോൺ -683458/- രൂപ പലിശ സഹിതം പൂർണ്ണമായി ഓഡിറ്റ് വർഷം അടച്ചുതീർത്തിട്ടുണ്ട്. 2019-20 ലെ ബാലൻസ് ഷീറ്റ് പ്രകാരം ബാങ്ക് വായ്പ (ഇ.എം.എസ്) -3338665/- രൂപ, ഹഡ്കോ വായ്പ -39040000/- രൂപ എന്നിവയാണ് അവശേഷിക്കുന്ന വായ്പയായി രേഖപ്പെടുത്തിയിട്ടുള്ളത്. നഗരസഭയിലെ വായ്പകളുടെ ഫയലുകൾ, ഓഡിറ്റിന് ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ഹഡ്കോ വായ്പയിനത്തിൽ നാളിതുവരെ 92,80,000/- രൂപ മാത്രമാണ് വരവുള്ളത്.ഇതിൽ 920000/- രൂപ 2019-20ൽ സർക്കാർ ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത് ഈടാക്കിയിട്ടുണ്ട് . ആയത് പ്രകാരം 83,60,000/- രൂപ മാത്രമാണ് ഹഡ്കോ വായ്പയിനത്തിൽ തിരിച്ചടക്കാനവശേഷിക്കുന്നത്.എന്നാൽ 31-03-2019 ൽ 11240000/- രൂപയും 31-03-2020 ൽ 3,90,40,000/- രൂപയുമാണ് ഹഡ്കോ വായ്പ ബാധ്യതയായി വാർഷിക കണക്കിൽ ചേർത്തിട്ടുള്ളത്. ഈ വ്യത്യാസം സംബന്ധിച്ച രേഖകളോ വിശദീകരണമോ നഗരസഭ നൽകിയില്ല. നഗരസഭ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.ഈ കണക്കുകൾ വാർഷിക കണക്കുകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| കോഓപ്പറേറ്റീവ് ബാങ്ക്, ഇ.എം.എസ്.ഭവനനിർമ്മാണ പദ്ധതി | 1.480/2010 /11.2.2010 2.56637/ഡി.ബി.1/ 2013/ ത.സ്വ.ഭ.വ./ 13.9.2013 | 20767500 | 33,38,665 | 0 | - | 33,38,665 |
| പി.എം.എ.വൈ. ഹഡ്കോ | സ.ഉ.(കൈ) 2278/ത.സ്വ.ഭ.വ. / 18.8.2018 | 9280000 | 92,80,000 | 9,20,000 | 0 | 83,60,000 |

നഗരസഭയുടെ വായ്പകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി എടുത്ത വായ്പകളുടെയും തിരിച്ചടവിന്റെയും കണക്കുകൾ തയ്യാറാക്കി വായ്പാ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി ഒത്തുനോക്കി ക്രമപ്പെടുത്തി കൃത്യമായ വായ്പബാധ്യത കണക്കാക്കി വാർഷിക കണക്കുകളിലുൾപ്പെടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3430/- രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2017-2018 | 3-12 | 3430 | സ്വരാജ് പ്രിന്റിങ് പ്രസ്സ് | 119010500159/28.10.2019 |
| | ആകെ | 3430 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 1997-1998 2000-01 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് | 2-5 2-13 2-15 | 2005-06 | 2.45.1 | പദ്ധതി നടത്തിപ്പിൽ 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) വിവിധ അപാകതകൾ | നില നിൽക്കുന്നു |
| | 2-6 | 2005-06 | 2.45.2 | സിഎഫ് വിളക്കിന് സ്ഥാപനച്ചെലവ് | നില നിൽക്കുന്നു |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-10 | 2005-06 | 2.45.3 | ഇടയാറ-വല്ലകതോട് റോഡ് റീമെറ്റലിംഗ് ടാറിംഗ് അധിക നിരക്ക് നൽകിയത് | നില നിൽക്കുന്നു |
| | 2-12 | 2005-06 | 2.45.4 | പള്ളിപ്പറമ്പ്-കീഴപടി റോഡ് അഭിവൃദ്ധി വേലമൂല്യം അധികരിച്ച് | നില നിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | തുക നൽകി | |
| | 2-14 | 2005-06 | 2.45.5 | സി എഫ് വിളക്കിന് ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു. | നില നിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 108337130 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116442290 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 171335 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1461870 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 25040 | ശ്രീമതി ശ്രീപ്രിയ ആർഎസ്, അസി. എഞ്ചിനീയർ |
| 3-2 | - | 21173 | ശ്രീ മൻസൂർ എഎസ് അസി. എഞ്ചിനീയർ |
| 3-3 | - | 124124 | ശ്രീ ബി അനിൽകുമാർ, സെക്രട്ടറി |
| 3-4 | - | 998 | ശ്രീ മൻസൂർ എഎസ് അസി. എഞ്ചിനീയർ |
| ആകെ | - | 171335/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 225045 | ശ്രീ മൻസൂർ എഎസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-35 | 443500 | ശ്രീമതി അഞ്ജുകൃഷ്ണ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-42 | 22600 | ശ്രീ.അനിൽകുമാർ.ബി, സെക്രട്ടറി |
| 1-43 | 294015 | ശ്രീമതി അഞ്ജുകൃഷ്ണ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-44 | 8500 | ശ്രീമതി സജിത ഡി. , പട്ടികജാതി വികസന ഓഫീസർ |
| 1-45 | 36310 | ഡോ സുനിൽ.ഇ,സൂപ്രണ്ട് താലൂക്ക് ആശുപത്രി |
| 1-47 | 405000 | ശ്രീ.അനിൽകുമാർ.ബി, സെക്രട്ടറി |
| 1-49 | 26900 | ശ്രീ.അനിൽകുമാർ.ബി, സെക്രട്ടറി |
| ആകെ | 1461870 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | IT | GST | |
| 1-27 | 10700 | - | ശ്രീ.അനിൽകുമാർ.ബി, സെക്രട്ടറി<br>ശ്രീ എം മുഹമ്മദ് ആരിഫ്ഖാൻ |

| | | | |
|---|---|---|---|
| 1-33 | - | 5848 | ശ്രീ മാക്സ് വെൽ, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ മുഹ്സിൻ പി എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 10700 | 5848 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനിൽകുമാർ.ബി, സെക്രട്ടറി | സെക്രട്ടറി, കളമശ്ശേരി മുനിസിപ്പാലിറ്റി | ലക്ഷ്മി ഗോപാലം, നടുവാത്തുശ്ശേരി, ചവറ, കൊല്ലം |
| ശ്രീ എം മുഹമ്മദ് ആരിഫ്ഖാൻ സെക്രട്ടറി | സെക്രട്ടറി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | സബീന മൻസിൽ പുല്ലൂർകോണം, വിഴിഞ്ഞം |
| ശ്രീ മൻസൂർ എ എസ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മൂവാറ്റുപുഴ | സൌഭിയ മൻസിൽ നെടുംമ്പന പി ഒ, കൊല്ലം |
| ശ്രീമതി അഞ്ജുകൃഷ്ണ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, മീനങ്ങാടി | കൃഷ്ണശ്രീ മഞ്ഞളംകൈത റോഡ് സുൽത്താൻബത്തേരി |
| ശ്രീമതി ശ്രീപ്രിയ ആർഎസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ തിരുവനന്തപുരം | മഴ എറണിക്കര കരകുളം, തിരുവനന്തപുരം |
| ശ്രീ മാക്സ് വെൽ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മാറാടി | കുപ്പേപ്പറമ്പിൽ, പിറവം പി ഒ |
| ശ്രീ മുഹ്സിൻ പി എം അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പിറവം | പലക്കൽ വീട്,വാരപ്പെട്ടി പി ഒ |
| ശ്രീമതി സജിത ഡി. പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, പാമ്പാക്കുട | തടത്തിൽ വീട് കമാരമംഗലം (പി.ഒ.) തൊടുപുഴ |
| ഡോ സുനിൽ.ഇ,സൂപ്രണ്ട് താലൂക്ക് ആശുപത്രി | സൂപ്രണ്ട് താലൂക്ക് ആശുപത്രി | ഇളന്താട് ഹൗസ് പുത്തൻകാവ് റോഡ്, കാലടി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ട്കളുടെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.2)1523/97/27.8.2000 |
| 1997-98 പദ്ധതി | എൽ.എഫ്.ഇ.(പി.2)98/05/24.11.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.2)1206/03/5.8.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.2)226/06/3.2.2007 |
| 2007-08 | എൽ.എഫ്.ഇ.(പി.1)1662/08/2.7.2009 |
| 2005-06 | എൽ.എഫ്.ഇ.(പി.1)285/10/10.3.2011 |
| 2006-07 | എൽ.എഫ്.ഇ.(പി.1)286/10/10.3.2011 |
| 2008-09 | എൽ.എഫ്.ഇ.(പി.1)287/10/10.3.2011 |
| 2009-10 | എൽ.എഫ്.ഇ.(പി.9)1839/10/10.3.2011 |
| 2010-11 | എൽ.എഫ്.ഇ.(പി.9)2136/11/1.12.2011 |
| 2011-12 | എൽ.എഫ്.ഇ.(പി.9)2252/13/28.12.2013 |
| 2012-13<br>2013-14 | എൽ.എഫ്.ഇ (പി9)172/2015 ,02.03.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി9)1191/2016-20/07/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം.1)55/2017 06.02.2017/15.02.2017 |

| | |
|---|---|
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം.1)1777/17,തീയതി05.05.2018 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം.1)9/19,തീയതി 15.03.2019 |
| 2018-19 | കെ.എസ്.എ.ഇകെഎം.നം.(എം.1)1955/2019/13.02.20 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്